# رسالة الإسلام

إعداد

محي الدين تاريود

(اللغة المليبارية)

# ശാന്തി ദൂത്

കെ. എം. തരിയോട്

# ഒരു നിമിഷം

സുഹൃത്തെ, ക്ഷേമാന്വേഷണം. ജീവിത തിരക്കുകളിലും ചിന്തകളിലുമായിരിക്കും. അതിനിടയിൽ വളരെ പ്രാധാന്യമുള്ള ഒരു കാര്യം താങ്കളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. അന്വേഷണ വാഞ്ചയും വിജ്ഞാന തൽപരതയുമുള്ള താങ്കളുടെ സജീവ മനസ്സിന് മുമ്പിൽ ഇത് സമർപ്പിക്കുന്നു.

താങ്കൾ ദൈവ വിശ്വാസിയാണല്ലൊ. താങ്കൾ വിശ്വാസിയായ തെങ്ങനെ? പിറന്ന മതം സത്യമാണെന്ന ധാരണയിലാണോ? ജനങ്ങളിലധികവും അങ്ങനെയാണ്. അല്ലെങ്കിൽ താങ്കൾ മതത്തെയും വിശ്വാസത്തെയും വിലയിരുത്തിയിട്ടാണോ?

ഇവിടെ ധാരാളം മതങ്ങളുണ്ട്. ഭിന്ന വിശ്വാസങ്ങളും. ഇതെങ്ങനെ സംഭവിച്ചു? സ്വമതം ശരിയാണെന്ന് ധരിച്ച് ഇതര മതങ്ങളെ കുറിച്ച് തീരെ ചിന്തിക്കാത്തവരത്രെ പലരും. എല്ലാ മതങ്ങളെയും തുല്യമായി കാണുന്നവരുമുണ്ട്. ദൈവം അനു ഗ്രഹിച്ചു നൽകിയ ബുദ്ധിയും വിവേകവും വിവേചന കഴിവും എല്ലാ കാര്യത്തിലും മനുഷ്യൻ ഉപയോഗിക്കുന്നു. എന്നാൽ മതവിശ്വാസ മേഖലയിൽ അത് ഉപയോഗിക്കാ തിരിക്കുന്നത് ശരിയാണോ? യഥാർഥത്തിൽ മതങ്ങളെ താരതമ്യം ചെയ്ത് ശരിയേതാണെന്ന് കണ്ടെത്താൻ ശ്രമി ക്കേണ്ടിയിരിക്കുന്നു.

സത്യാന്വേഷിയും ധാർമ്മിക ചിന്തയുമുള്ള താങ്കൾക്ക് ഭൗതികവും പാരത്രികവുമായ ശാന്തി ലഭിക്കാനും ശിക്ഷയിൽ നിന്ന് രക്ഷ പ്രാപിക്കാനും കഴിയണമെന്ന് നാം ആഗ്രഹിക്കുന്നു. സത്യ മതത്തിലേക്ക് വെളിച്ചം നൽകുന്നതിൽ ഈ “ശാന്തി ദൂത്” എന്ന ലഘു കൃതി താങ്കൾക്ക് സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

താങ്കളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും ഞങ്ങൾക്ക് അയക്കുമെന്ന് പ്രത്യാശയോടെ.

ഗുണകാംക്ഷയോടെ

കെ. എം തരിയോട്. ഉനൈസ

kmfaisy@gmail.com 3644506, 0557937531

“ ഓരോ ശിശുവും ജനിക്കുന്നത് ശുദ്ധ പ്രകൃതിയിലാണ്.” മുഹമ്മദ് നബി(സ)

# സൗഭാഗ്യം

**" സൗഭാഗ്യം നേടാൻ ധനം മതിയാവുകയില്ല. മാത്രമല്ല ചിലപ്പോൾ അത് അവന് നാശമാവുകയും ചെയ്യും".**

ബിൽ ഗേററ്സ്

മനസ്സമാധാനവും ശാന്തിയും സന്തോഷവും നിറഞ്ഞൊരു **സൗഭാഗ്യ പൂർണ്ണമായ ജീവിതം** അന്വേഷിക്കാത്ത മനുഷ്യരില്ല. ആ ജീവിതം നേടുന്നത് അത് അമൂല്യ വിജയമായി സർവ്വരും കരുതുന്നു. തന്മൂലം അതിനായി എക്കാലത്തും മനുഷ്യൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. എല്ലായിടത്തും അത് തേടി അലയുന്നു. അതിനായി കഠിനാദ്ധ്വാനം ചെയ്യുന്നു. എന്നാൽ അധികമാളുകളും കരുതുന്നത് സമ്പത്ത് കൊണ്ടേ അത് നേടാൻ സാധിക്കുകയുള്ളു എന്നാണ്. ലോകകോടീശ്വരന്മാരിലൊരാളായ മൈക്രോ സോഫ്ററ് കമ്പനി ഉടമ ബിൽ ഗേററ്സ് ഈ ധാരണ തിരുത്തിയത് ശ്രദ്ധേയമാണ്.

അപ്പോൾ ജീവിതത്തിലെ സൗഭാഗ്യവും വിജയവും ധനശേഖരത്തിലോ ഉന്നത പദവിയിലോ യോഗ്യരായ സന്താനങ്ങ

ളിലോ ഭരണാധികാരത്തിലോ അല്ല. പ്രത്യുത അത് ആന്തരികമാണ്. ആത്മീയമാണ്. അത് നേത്രങ്ങൾക്ക് ദർശിക്കാവുന്നതല്ല. അളവുകൾക്ക് കണക്കാക്കാവുന്നതുമല്ല. കറൻസികൾ കൊണ്ട് വാങ്ങാവുന്നതുമല്ല. എന്നാൽ അതെവിടെ ലഭിക്കും?

# പ്രപഞ്ചം

ഇവിടെ കോടിക്കണക്കിന് മനുഷ്യർ. എത്രയോ ജീവജാലങ്ങൾ, നക്ഷത്രങ്ങൾ, ഗോളങ്ങൾ ചരാചരങ്ങൾ...... സൂര്യനുദിക്കുന്നു. അസ്തമിക്കുന്നു. ഭൂമി കറങ്ങുന്നു. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും.. ഒന്നും കൂട്ടിമുട്ടുന്നില്ല. ചലനം തെററുന്നില്ല. എന്ത് കൊണ്ട്? എല്ലാം പാരസ്പര്യത്തോടും ഐക്യത്തോടും വർത്തിക്കുന്നു. പരമാണു മുതൽ ഗാലക്സികൾ വരെ അനന്ത വിശാലമായ ഈ ലോകം ചിന്തക്ക് വിഷയമാകാറുണ്ടോ? ഇവ താനേ ഉണ്ടായതാണോ? ...

ആരാണിതെല്ലാം സൃഷ്ടിച്ചത്? ഇതെല്ലാം വെറുതെയങ്ങ് ഉണ്ടായി എന്നു വിശ്വസിക്കാൻ നമ്മുടെ ബുദ്ധി അനുവദിക്കുമോ? ഇല്ല. തീർച്ചയായും ഇതിൻെറ പിന്നിലൊരു ശക്തിയുണ്ട്. അവനാണ് സാക്ഷാൽ ദൈവം. ഏകനും സർവ്വജ്ഞനും സർവ്വ ശക്തനുമാണവൻ.

ഖുർആൻ പറയുന്നു:

“തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങളുടെ സൃഷ്ടിപ്പിലും ജന്തു ജാലങ്ങളെ അവൻ വിന്യസിക്കുന്നതിലുമുണ്ട് ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പലദൃഷ്ടാന്തങ്ങളും. രാവും പകലും മാറി മാറി വരുന്നതിലും അല്ലാഹു ആകാശത്തു നിന്ന് ഉപജീവനം ഇറക്കി അതുമുഖേന ഭൂമിക്ക് അതിൻെറ നിർജീവാവസ്ഥക്ക്

ശേഷം ജീവൻ നല്കിയതിലും കാററുകളുടെ ഗതി നിയന്ത്ര ണത്തിലും ചിന്തിച്ചു മനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. അല്ലാഹുവിൻെറ തെളിവുകളത്രെ അവ. സത്യപ്രകാരം നാം നിനക്ക് അവ വായിച്ചു കേൾപ്പിക്കുന്നു. അല്ലാഹുവിനും അവൻെറ തെളിവുകൾക്കും പുറമെ ഇനി ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കുന്നത്? ( ജാഥിയ 2-6)

ഖുർആൻ പറയുന്നു: " ആകാശങ്ങളിലും ഭൂമിയിലും എത്രയോ ദൃഷ്ടാന്തങ്ങൾ! അവയെ അവഗണിച്ചുകൊണ്ട് അവയുടെ അടുത്തുകൂടെ അവർ കടന്നു പോകുന്നു." ( യൂസുഫ് 105)

ദൈവത്തിൻെറ അനേകം ദൃഷ്ടാന്തങ്ങൾ. എന്തെല്ലാം സൃഷ് ടികൾ. അവൻ ഇവയൊക്കെ സംരക്ഷിക്കുകയും നിയന്ത്രിക്കു കയും ചെയ്യുന്നു. അവൻ സർവ്വജ്ഞനും സർവ്വശക്തനും കാരുണ്യവാനും ദയാപരനുമാണ്. അവൻെറ കാരുണ്യം വിശാ ലവും വ്യാപകവുമാണ്. സൂര്യൻ ഉദിക്കുന്നതും മഴ വർഷിക്കു ന്നതും വായു സഞ്ചരിക്കുന്നതുമൊക്കെ എല്ലാവർക്കും വേണ്ടി യാണല്ലൊ. അങ്ങനെ എത്രയെത്ര ചെറുതും വലുതുമായ അനുഗ്രഹങ്ങൾ ....

നമുക്കാവശ്യമുള്ളത് നാം ജനിക്കുന്നതിന് മുമ്പെ ഇവിടെ ഒരുക്കിവെച്ചു. ഇതൊക്കെ ചെയ്തുതന്നുകൊണ്ടിരിക്കുന്ന ജഗ ന്നിയന്താവിനോട് നാം നന്ദിയുള്ളവരാകേണ്ടതില്ലെ.

തീർച്ചയായും വേണം. ഇതാണ് ബുദ്ധിയും അറിവും ശരി വെക്കുന്നത്. എന്നാൽ ദൈവ വിശ്വാസികൾ ചെയ്യുന്നതോ?

സാക്ഷാൽ ദൈവത്തെയോ ആ ദൈവത്തിൻെറ മഹത്വത്തെ യോ തിരിച്ചറിയുന്നുണ്ടോ? അധികമാളുകളും ചെയ്യുന്നില്ല.

# യഥാർത്ഥ ദൈവം

മതങ്ങളുടെ അടിസ്ഥാനം ദൈവ വിശ്വാസമാണല്ലോ. ദൈവ ത്തെ ഭിന്ന രൂപത്തിലും ഭാവത്തിലും ജനങ്ങൾ സങ്കൽപിക്കുന്നു. പ്രപഞ്ചനാഥനും സ്രഷ്ടാവുമായ ഒരു ദൈവത്തിൽ എല്ലാവരും വിശ്വസിക്കുന്നു. ഗോഡ്, പരബ്രഹ്മം, യഹോവ, അല്ലാഹു എന്നിങ്ങനെ വിവിധ നാമങ്ങളിൽ അവൻ വിളിക്കപ്പെടുന്നു.

എന്നാൽ സ്രഷ്ടാവിന് പുറമെ അചേതനവും സചേതന വുമായ അനേകം വസ്തുക്കളെ ദൈവങ്ങളെന്ന് സങ്കൽപിച്ച് ഇവിടെ ആരാധിക്കപ്പെടുന്നു. മനുഷ്യർ, പിശാചുക്കൾ, മൃഗ ങ്ങൾ, ശവകുടീരങ്ങൾ തടുങ്ങി സ്വകരം കൊണ്ട് ചെത്തിയു ണ്ടാക്കിയ വസ്തുക്കളെ പോലും ആരാധിക്കുന്നു. അവയോ ട് പ്രാർത്ഥിക്കുന്നു. ഇവയും സമൂഹത്തിൽ ആരാധിക്കപ്പെടുന്ന പുണ്യദാസന്മാരും മററുമൊക്കെ ആ ദൈവത്തിൻെറ സൃഷ്ടി കളും അവൻെറ ആശ്രിതരുമാണ്. അവരുടെ ജീവൻ പോലും അവൻ നൽകിയതാണ്. അവർ ഭ്രൂണാവസ്ഥയിലും ജനന ശേഷവും പരാശ്രയരായി കഴിയുന്നവരും മരണത്തിന് വിധേയ മാകുന്നവരുമാണ്. അവർ സൃഷ്ടികളുടെതായ എല്ലാ വിചാര വികാരങ്ങളോടും ദൗർബല്യങ്ങളോടും ചാപല്ല്യങ്ങളോടും കൂടി ജീവിച്ചവരാണ്. എന്നാൽ ദൈവം അവരൊക്കെ ജനിക്കുന്ന തിന് മുമ്പേയുള്ളവനും അവർ ചരമം പ്രാപിച്ച ശേഷവും അനന്തമായി നിലനിൽക്കുന്നവനുമാണ്. ഇതാണ് യാഥാർ ത്ഥ്യമെന്നിരിക്കെ ദൈവത്തിൻെറ സൃഷ്ടികളെ ദിവ്യ പീഠത്തി ലേക്ക് ആനയിക്കുന്നത് ശരിയാണോ? സ്രഷ്ടാവയ ദൈവത്തെ ആരാധിക്കുന്നതിന് പകരം അവയെ ആരാധിക്കുന്നത് അന്യാ യമല്ലെ? തീർച്ചയായും, അതെ. സത്യത്തിൽ ബഹുദൈവാരാധ നയേക്കാൾ വലിയ വിഡ്ഢിത്വം മറെറാന്നുമില്ല.

ഖുർആൻ സാക്ഷാൽ ദൈവത്തെ പരിചയപ്പെടുത്തിയത് ശ്രദ്ധേയമാണ്. സത്താപരമായും ഗുണപരമായും വ്യതിരിക്ത മായ അസ്തിത്വമാണ് ദൈവത്തിൻെറത്. അവൻ അജയ്യനും അന്യൂനനും അനാദ്യനും അനശ്വരനും ഏകനുമാണ്. അവ നാണ് ജഗന്നിയന്താവ്.

ഖുർആൻ പറയുന്നു: അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവൻ. (അവൻ) എല്ലാം നിയന്ത്രിക്കുന്നവൻ. ഉറക്കമോ മയക്കമോ അവനെ ബാധിക്കു കയില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവൻേറതാണ്. അവ ൻെറ അനുവാദ പ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാ ർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നി ന്നും അവൻ ഉദ്ദേശിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ അധികാരപീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവ യുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. ( അൽബഖറ 255)

“ പറയുക: ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നതാരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെ ടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലെ. ? (യൂനുസ് 31)

“ അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിൻെറ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർ

ശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന് അറിയിച്ച് കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു. (യൂനുസ് 18)

യഥാർത്ഥത്തിൽ സ്രഷ്ടാവായ ദൈവത്തിൻെറ പദവിയോ കഴിവോ സൃഷ്ടികളിലാർക്കുമില്ല. അവൻെറ പ്രവർത്തനങ്ങളിൽ ആർക്കും വല്ല അവകാശമോ പങ്കോ ഇല്ല. കാരണം അവൻ സമ്പൂർണ്ണനും അത്യുന്നതനുമാണ്. അവന് ആരെയും ആശ്രയിക്കേണ്ടതുമില്ല. അവൻ ആരിലും അവതരിക്കുകയുമില്ല. അതിൻെറ ആവശ്യവുമില്ല. അവനാണെങ്കിൽ എല്ലാവരുടെയും ആശ്രയമാണ്. അവനെ ആശ്രയിച്ചും പ്രാർത്ഥിച്ചും അവൻെറ അനുഗ്രഹങ്ങൾ അനുഭവിച്ചും കഴിയുന്നവരാണ് സൃഷ്ടികൾ എല്ലാവരും. ഇവരൊക്കെ സ്രഷ്ടാവായ അല്ലാഹുവിൻെറ നിയമങ്ങൾക്ക് വിധേയമായ അടിമകളാണ്. ഈ യാഥാർത്ഥ്യം ആധുനിക കാലത്തും പാവം മനുഷ്യൻ തിരിച്ചറിയുന്നില്ല. ഇത്തരത്തിൽ സൃഷ്ടികൾക്ക് ദൈവീക പദവി നൽകുന്നതിനേക്കാൾ വലിയ അക്രമം മറ്റൊന്നുമില്ല.

ഖുർആൻ പറയുന്നു:

(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. ആരുടെയും സന്തതിയായി ജനിച്ചിട്ടുമില്ല. അവന് തുല്ല്യനായി ആരും ഇല്ലതാനും. (ഇഖ്ലാസ്)

ദൈവം ജഢരൂപം സ്വീകരിക്കുന്നതാണ് അവതാരമെന്നും ദൈവീക ചൈതന്യം സർവ്വ വ്യാപിയാണെന്നും സൃഷ്ടിപൂജക്കും വിഗ്രഹാരാധനക്കുമുള്ള ന്യായീകരണമായി പറയപ്പെടാറു

ണ്ട്. അങ്ങനെയെങ്കിൽ അവതാരങ്ങൾക്ക് മാത്രമായി പ്രത്യേകതയൊന്നുമില്ല. കാരണം അപ്പോൾ എല്ലാ മനുഷ്യരിലും ദൈവീകാംശം ഉണ്ടാകണമല്ലൊ? മാത്രമല്ല ദിവ്യ ചൈതന്യം മനുഷ്യരിലുണ്ടായിരുന്നെങ്കിൽ അവൻ തിന്മ ചെയ്ത് ദുഷിക്കുന്നതെന്ത് കൊണ്ട്? തിന്മയും മ്ളേച്ഛതയും ദിവ്യ ചൈതന്യത്തോട് യോജിക്കുന്നതല്ല. എന്നാൽ മനുഷ്യൻ തിന്മ ചെയ്യുന്നു എന്നത് അത്തരം ദിവ്യ ചൈതന്യം മനുഷ്യരിലില്ലെന്ന് വ്യക്തമാക്കുന്നു. മാത്രമല്ല ആരാധിക്കുന്നവനിലും ദിവ്യാംശമുണ്ടെങ്കിൽ പിന്നെന്തിന് വിഗ്രഹം? ദൈവരൂപം നമുക്ക് അജ്ഞാതമായിരിക്കെ വിഗ്രഹം അവൻെറ പ്രതിരൂപമാകുന്നതെങ്ങനെ? അതിനാൽ നാം സങ്കൽപിക്കുന്ന ഒരു രൂപവും അവൻേറതാവുകയില്ല. മാത്രവുമല്ല ദിവ്യാംശങ്ങൾ സൃഷ്ടികളിൽ ചിതറിക്കിടക്കുന്നുവെന്ന് സങ്കൽപിക്കുന്നത് ദൈവീക സത്തയുടെ സമ്പൂർണ്ണതക്ക് എതിരുമാണ്. ചുരുക്കത്തിൽ ഇതൊക്കെ സ്രഷ്ടാവിൻെറ പേരിൽ സൃഷ്ടിയുടെ അവസ്ഥ ആരോപിക്കാനും സംയോജിപ്പിക്കാനും ശ്രമിച്ചതിൻെറ ദുഷ്ഫലമാണ്.

ഖുർആൻ പരദൈവാരാധനയുടെ വ്യർത്ഥത ഇങ്ങനെ വ്യക്തമാക്കുന്നു: “മനുഷ്യരെ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിൽ നിന്ന് അത് മോചിപ്പിച്ച് എടുക്കാനും അവർക്ക് സാധിക്കുകയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവരും ദുർബ്ബലർ തന്നെ. (ഹജ്ജ് 73)

സ്രഷ്ടാവും നിയന്താവുമായ ഈ സാക്ഷാൽ ദൈവത്തിൻെറ നാമമത്രെ അല്ലാഹു. അത് അറബികളുടെ കുലദൈവത്തിൻെറ നാമമല്ല. കുലദൈവത്തെ ഇസ്ലാം അംഗീകരിക്കുന്നുമില്ല. അവൻ മുസ്ലിംകളുടെ മാത്രം ദൈവവുമല്ല. അത് കൊണ്ടാ

ണ് അറബികളിലെ ക്രൈസ്തവരും യഹൂദരും ദൈവത്തെ വിളിക്കാൻ അല്ലാഹു എന്ന പദം ഉപയോഗിക്കുന്നത്. അവൻ ഈ പ്രപഞ്ചത്തിലെ സർവ്വർക്കുമുള്ള ഏകാരാധ്യനായ ദൈവ മാണ്. സർവ്വ ഭാഷയും തിരിച്ചറിഞ്ഞു സർവ്വരുടെയും പ്രാർത്ഥ നക്ക് ഉത്തരം ചെയ്യുന്നവനും അവൻ മാത്രം. അതിനാൽ അവ നോട് ആർക്കും പ്രാർത്ഥിക്കാം. ശാന്തി തേടാം. അതിന് മധ്യ വർത്തികളുടെയോ മനുഷ്യ ദൈവങ്ങളുടെയോ പുരോഹിതന്മാ രുടെയോ ആവശ്യമേയില്ല. നല്ലവരായ നബിമാർ, മാലാഖകൾ എല്ലാം അവനെ മാത്രം ആരാധിച്ചു, അവനോട് മാത്രം പ്രാർത്ഥിച്ചു. കാരണം അവരൊക്കെ സൃഷ്ടികളായിരുന്നു.

ആരാധനക്ക് അർഹൻ സാക്ഷാൽ ദൈവവും കരുണാവാരി ധിയും സർവ്വ ലോക സ്രഷ്ടാവുമായ അല്ലാഹു മാത്രമാണ്. പ്രാർത്ഥനകളും ആരാധനകളുമെല്ലാം അവനിലേക്ക് മാത്രമാ ക്കണം. ഇതാണ് ഇസ്‌ലാമിൻെറ പ്രധാന സന്ദേശം. അതിനാ ൽ സൃഷ്ടികളെ ആരാധിക്കുന്നതും പ്രാർത്ഥിക്കുന്നതും കടുത്ത ധിക്കാരവും വലിയ തെററുമാണ്. മാത്രമല്ല ബഹുദൈ വാരാധനയാണ് സകല തിന്മകളുടെയും പ്രഭവ കേന്ദ്രമെ ന്നാണ് ഇസ്‌ലാമിക വീക്ഷണം. വിശുദ്ധ ഖുർആനിൽ ഏററ വുമധികം വിമർശിക്കപ്പെട്ടതും അതാണ്. മാത്രമല്ല അല്ലാ ഹുവിൻെറ സത്തയിലോ ഗുണനാമങ്ങളിലോ പ്രവർത്തനങ്ങളി ലോ മററുള്ളവരെ പങ്ക് ചേർക്കുന്നത് ബഹുദൈവവിശ്വാ സത്തിൽ പെട്ടതാണ്. അതിനാൽ സൃഷ്ടികളിലാർക്കും ദിവ്യ ത്വമോ അതിൽ വല്ല പങ്കാളിത്വമോ സങ്കൽപിക്കാവതല്ല. അ വനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം പ്രാർത്ഥി ക്കുകയും ചെയ്യുക. അതാണ് ശരിയായ മാർഗ്ഗവും.

പ്രഥമ മനുഷ്യർ അല്ലാഹുവിനെ മാത്രം ആരാധിച്ചു. എന്നാ ൽ മഹാന്മാരെ അനുസ്മരിക്കുകയും ആദരിക്കുകയും ചെയ് തുപോന്ന പിൽക്കാല തലമുറകളിൽ അതിൽ വ്യതിയാനം

സംഭവിച്ചു. അവരുടെ രൂപങ്ങൾ നിർമ്മിച്ചു. പ്രാർത്ഥിച്ചു. തന്മൂലം ബിംബാരാധനയും സൃഷ്ടി പൂജയും ആരംഭിച്ചു. അങ്ങനെ അത് വ്യാപിക്കുകയും ചെയ്തു. ഇവിടെ മണ്ണടിഞ്ഞുപോയ ധാരാളം സംസ്കാരങ്ങളുണ്ട്. അതിൽ പലതിൻെറയും കാരണം ദൈവകോപമാണെന്ന് ഖുർആനും മററും വ്യക്തമാക്കിയിട്ടുണ്ട്. ഖനന ഗവേഷകർ അതിലൊക്കെ ബഹുദൈവാരാധനയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഏക ദൈവാരാധനയിൽ നിന്നുള്ള വ്യതിയാനവും അധാർമ്മികതയുമായിരുന്നു ശിക്ഷയുടെ മുഖ്യ കാരണമെന്ന് സത്യാന്വേഷികൾ വിലയിരുത്തുന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. വിശിഷ്യാ ആധുനിക ശാസ്ത്ര ജ്ഞാനം പോലും പകച്ചു നിൽക്കുന്ന പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ. ആശ്രയം അല്ലാഹു മാത്രം.

**മുഹമ്മദ് നബി (സ) പറഞ്ഞു**

“സത്യവിശ്വാസം എഴുപതിൽ പരം ശാഖകളാണ്. അതിലേററവും ഉന്നതമായത് അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല എന്നതാണ്. ഏററവും താഴെയുള്ളത് വഴിയിലെ ഉപദ്രവം നീക്കലാണ്. ലജ്ജ വിശ്വാസത്തിൻെറ ഒരു ശാഖയാണ്. ”

# പരലോകം

**“നിശ്ചയം എനിക്കിപ്പോൾ നാല് ചോദ്യങ്ങ ൾക്കുള്ള ഉത്തരം മനസ്സിലാക്കാൻ സാധിച്ചു. ഞാൻ ആര്? എന്റെ ലക്ഷ്യമെന്ത്? എന്തിന് വന്നു? എങ്ങോട്ട് പോകുന്നു? ”**

**വീൻ ബെത്ത്**

നാം ഇവിടെ ജീവിക്കുന്നു. ഒരു നാൾ നാം മരിച്ചേ മതിയാകൂ. നമുക്ക് ഈ ജീവിതം കിട്ടിയത് നാം ഇച്ഛിച്ചിട്ടല്ല. കോടിക്കണക്കിൽ ആയുസ്സ് കണക്കാക്കപ്പെടുന്ന ഈ പ്രപഞ്ചത്തിൽ നമുക്കുള്ളത് തുച്ഛമായ കാലയളവിലെ നുറുങ്ങ് ജീവിതമാണ്. അത് അവസാനിക്കുന്നതും നമ്മുടെ ഇഷ്ടമനുസരിച്ചല്ല. എല്ലാം ദൈവത്തിന്റെ നിയന്ത്രണമനുസരിച്ച് നടക്കുന്നു.

മരണത്തിൽ നിന്ന് മോചനത്തിന് മനുഷ്യൻ എല്ലാ ശ്രമങ്ങളും നടത്തുന്നു. അനശ്വരതക്ക് വേണ്ടി മന്ത്രവാദം പോലും ചെയ്തുനോക്കുന്നു. എന്നാൽ മനുഷ്യന്റെ കഴിവും സാമരത്ഥ്യവുമൊക്കെ മരണത്തിനു മുന്നിൽ പരാജയപ്പെടുന്നു. ഹൃദയ രോഗിയെ രക്ഷിക്കാൻ തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കെ വിദഗ്ദനായ ഡോക്ടർ മരിക്കുന്നു. മന്ത്രവാദം നടത്തിക്കൊണ്ടിരിക്കെ മനുഷ്യ ദൈവങ്ങൾ മറിഞ്ഞു വീഴുന്നു. എത്രയോ അനുഭവങ്ങൾ.

എന്നാൽ ഈ ജീവിതം ജനിമൃതികൾക്കിടയിൽ അവസാനിക്കുന്നോ?. അങ്ങനെയെങ്കിൽ ജീവിതത്തിനെന്തർത്ഥമാണുള്ളത്?.

അത്യുന്നത പദവിയുള്ള മനുഷ്യനും പാററകളും തമ്മിലെന്താണ് വ്യത്യാസം?. തീർച്ചയായും അങ്ങനെ ആയിക്കൂടാ.

മനുഷ്യന് ഒരുപാട് ആഗ്രഹങ്ങളും അഭിലാഷങ്ങളുമുണ്ട്. ദു:ഖമില്ലാത്തതും അനശ്വരവുമായ ഒരു ജീവിതം ആഗ്രഹിക്കാത്തവരായി ആരുമില്ല. പക്ഷെ അത് ഇവിടെ സാധിക്കുകയില്ലെന്ന് നമുക്കറിയാം.

മനുഷ്യൻ ഇഷ്ടാനുസരണം ഭുജിച്ചും സുഖിച്ചും കഴിയുന്ന മൃഗങ്ങളെ പോലെയല്ല. അത് അവൻെറ പദവിക്ക് യോജിച്ചതുമല്ല. അവൻ ജൻമനാ നൻമതിൻമകളെ കുറിച്ച് ബോധമുള്ളവനാണ്. നീതിയും സത്യവും പാലിക്കൽ അവൻെറ സവിശേഷ ഗുണമാണ്. പ്രയാസങ്ങൾ സഹിച്ചും പ്രതിബന്ധങ്ങൾ തരണം ചെയ്തും നീതിയനുസരിച്ച് ജീവിത കാര്യങ്ങൾ നടക്കണമെന്ന് മനുഷ്യൻ ആഗ്രഹിക്കുന്നു. അതിന് വേണ്ടി ഇവിടെ നിയമങ്ങളും നിയമ പാലകരുമുണ്ട്.

എന്നാൽ ഇവിടെ മർദ്ദകരും മർദ്ദിതരുമുണ്ട്. ദുർബ്ബലർ ആക്രമിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുന്നു. ഒരു വേള അവരുടെ തലയോടുകൾക്ക് മുകളിൽ അധികാരത്തിൻെറ കോട്ടകൾ സ്ഥാപിക്കുന്നു. ആ അക്രമികൾ അഹങ്കാരത്തോടെ രാക്ഷസരെ പോലെ വാഴുന്നു. പക്ഷെ ഒരു ശിക്ഷയും ലഭിക്കാതെ  അവർ മരിക്കുകയും ചെയ്യുന്നു. ഈ ക്രൂരൻമാർക്ക് കടുത്ത ശിക്ഷ ലഭിക്കണമെന്ന് നീതി ബോധമുള്ള എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നു. ഇനി അത്തരക്കാരെ കണ്ടുപിടിച്ച് ശിക്ഷ നൽകിയാൽ തന്നെ അവർക്ക് അർഹിക്കുന്ന ശിക്ഷ  നൽകാൻ ഇവിടെ സാധിക്കുകയുമില്ല. നൂറ് ആളുകളെ വധിച്ച വ്യക്തിക്ക് തത്തുല്യമായ ശിക്ഷ നൽകാൻ ഈ ഭൗതിക ലോകത്ത് സാധിക്കുകയില്ല.

ഇവിടെ മറുവശത്ത് വളരെ പ്രയാസപ്പെട്ടും സദാചാര നിഷ്ഠയോടെയും നീതിയോടെയും ജീവിതം നയിക്കുന്നവരുണ്ട്. മാത്രമല്ല ദുർബ്ബലർക്കും കഷ്ടപ്പെടുന്നവർക്കും വേണ്ടി നിസ്വാർത്ഥ സേവനങ്ങൾ ചെയ്യുന്നവരുണ്ട്. അവരിൽ മററുള്ള വരുടെ രക്ഷക്ക് വേണ്ടി സ്വജീവൻ അർപ്പിച്ചവരുമുണ്ട്. ഈ ത്യാഗത്തെ പ്രശംസിക്കാനോ മരണാനന്തര ബഹുമതി പ്രഖ്യാപിക്കാനോ അല്ലാതെ സമൂഹത്തിന് അവർക്കൊരുപകാരവും ചെയ്തു കൊടുക്കാൻ സാധിക്കുകയില്ല. ഇനി ആരുടെയെങ്കിലും സേവനത്തിന് വല്ല ആനുകൂല്യവും നാം നൽകിയാൽ തന്നെ അയാളുടെ സേവന മനസ്ഥിതിയും ആത്മാർത്ഥയും കൃത്യമായും അളന്നു കണക്കാക്കാൻ മനുഷ്യനു സാധ്യവുമല്ല.

എന്നാൽ ഇതൊക്കെ പൂർണ്ണമായും സാധ്യമാകുന്നതും നടപ്പിലാകുന്നതുമായ ഒരു ലോകം സ്രഷ്ടാവായ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. അതാണ് പരലോകം. ഭൂമിയും അതുൾക്കൊള്ളുന്ന ഈ പ്രപഞ്ചവും നശിക്കുന്ന ഒരു അന്ത്യദിനമുണ്ട്. ആ ദിനത്തെ കുറിച്ച് ഏക ദേശം എല്ലാ മതങ്ങളും പറയുന്നുണ്ട്. പ്രളയം, പ്രളയാഗ്നി,ഡൂംസ് ഡേ എന്നിങ്ങനെ വിവിധ പേരുകളിൽ അത് അറിയപ്പെടുന്നു. ആധുനിക ശാസ്ത്രത്തിൻെറ കണ്ടെത്തലുകൾ ഇത് അംഗീകരിക്കുന്നു. പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയാണെന്നും പദാർത്ഥത്തിൻെറ അനശ്വരത ഒരു മിഥ്യാ ധാരണയാണെന്നും അത് വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഏതായാലും അന്ത്യ ദിനത്തിന് ശേഷം പുനർജീവിതം സുനിശ്ചിതമാണ്.

അതൊരു ചിന്താപരമോ ദാർശനികമോ ആയ പ്രശ്നമല്ല. മറിച്ച് ഓരോ മനുഷ്യനും നിസ്സംശയം അനുഭവിക്കുന്ന പരമ യാഥാർത്ഥ്യമാണ്. ഇക്കാര്യം വിശുദ്ധ ഖുർആൻ സലക്ഷ്യം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. നിസ്സാരമായ ബീജത്തിൽ നിന്ന്

മനുഷ്യനെ സൃഷ്ടിച്ച പ്രപഞ്ചനാഥൻെറ തീരുമാനമാണത്. ഖുർആൻ പറയുന്നു:

"അവനാകുന്നു സൃഷ്ടി ആരംഭിക്കുന്നവൻ. പിന്നെ അവൻ അത് ആവർത്തിക്കുന്നു. അത് അവനെ സംബന്ധിച്ചിടത്തോളം വളരെ എളുപ്പമുള്ളതാകുന്നു. ആകാശങ്ങളിലും ഭൂമിയിലും ഏററവും ഉന്നതമായ അവസ്ഥയുള്ളത് അവനാകുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ. (റൂം 27 )

"മനുഷ്യൻ കണ്ടില്ലെ, അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്?. എന്നിട്ട് അവനതാ പ്രത്യക്ഷനായ എതിർപ്പുകാരനായിരിക്കുന്നു. അവൻ നമുക്ക് ഒരു ഉപമ എടുത്തു കാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നു കളയുകയും ചെയ്തു. അവൻ പറഞ്ഞു. എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്?. പറയുക. ആദ്യ തവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാ തരം സൃഷ്ടിപ്പിനെപ്പററിയും അറിവുള്ളവനത്രെ. (യാസീൻ 77-79 )

" ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും അവയെ സൃഷ്ടിച്ചത് കൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്ത അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണ് എന്ന് അവർക്ക് കണ്ടുകൂടെ? അതെ തീർച്ചയായും അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. (അഹ്ഖാഫ് 33 )

" മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങ് വിട്ടേക്കപ്പെടുമെന്ന്? അവൻ സ്രവിക്കപ്പെടുന്ന ശുക്ളത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലെ? പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു അവനെ സൃഷ്ടിച്ചു സംവിധാനിച്ചു. അങ്ങനെ അതിൽ നിന്ന് ആണും പെണ്ണുമാകുന്ന രണ്ട് ഇണ

കളെ അവൻ ഉണ്ടാക്കി. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലെ? ( 75: 36-40)

"നിങ്ങളെ സൃഷ്ടിക്കുന്നതും നിങ്ങളെ പുനർജീവിപ്പിക്കുന്നതും ഒരു വ്യക്തിയെ (സൃഷ്ടിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്നത്) പോലെ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവനത്രെ. (31: 28)

അന്ത്യദിനത്തിൽ ഈ ലോകത്തെ മുഴുവൻ മനുഷ്യരെയും പുനർജീവിപ്പിച്ച് പരലോകത്ത് ഒരുമിച്ചുകൂട്ടുന്നതാണ്. അവിടെ വെച്ച് വിശ്വാസവും കർമ്മവുമനുസരിച്ച് നീതി പൂർവ്വം പൂർണ്ണമായും പ്രതിഫലം നൽകപ്പെടുന്നതാണ്. ഈ യാഥാർത്ഥ്യം ഖുർആൻ ഇപ്രകാരം പറയുന്നു:

" ഉയിർത്തെഴുന്നേൽപ്പിൻെറ നാള് കൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു. കുററപ്പെടുത്തുന്ന മനസ്സിനെ കൊണ്ടു ഞാൻ സത്യം ചെയ്തു പറയുന്നു. മനുഷ്യൻ വിചാരിക്കുന്നുണ്ടോ നാം അവൻെറ എല്ലുകളെ ഒരുമിച്ചു കൂട്ടുകയില്ലെന്ന്. അതെ, നാം അവൻെറ വിരൽ തുമ്പുകളെ പോലും ശരിപ്പെടുത്തുവാൻ കഴിവുള്ളവനായിരിക്കെ. പക്ഷെ (എന്നിട്ടും) മനുഷ്യൻ അവൻെറ ഭാവി ജീവിതത്തിൽ തോന്നിവാസം ചെയ്യാനുദ്ദേശിക്കുന്നു. എപ്പോഴാണ് ഈ ഉയർത്തെഴുന്നേൽപിൻെറ നാൾ എന്നവൻ ചോദിക്കുന്നു. എന്നാൽ കണ്ണ് അഞ്ചിപ്പോവുകയും ചന്ദ്രന് ഗ്രഹണം ബാധിക്കുകയും സൂര്യനും ചന്ദ്രനും ഒരുമിച്ച് കൂട്ടപ്പെടുകയും ചെയ്താൽ! അന്നേ ദിനം മനുഷ്യൻ പറയും; എവിടെയാണ് ഓടി രക്ഷപ്പെടാനുള്ളതെന്ന്. ഇല്ല. യാതൊരു രക്ഷയുമില്ല. നിൻെറ രക്ഷിതാവിലേക്കാണ് അന്നെ ദിനം ചെന്നുചേരുക. അന്നെ ദിവസം മനുഷ്യൻ മുൻകൂട്ടി ചെയ്തതിനെ പററിയും നീട്ടിവെച്ചതിനെ പററിയും അവന് വിവരമറിയിക്കപ്പെടും (75.1-13)

"അവനിലേക്കാണ് നിങ്ങളുടെയെല്ലാം മടക്കം. അല്ലാഹുവിൻെറ സത്യ വാഗ്ദാനമത്രെ അത്. തീർച്ചയായും അവൻ

സൃഷ്ടി ആരംഭിക്കുന്നു. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതി പൂർവ്വം പ്രതിഫലം നൽകുവാൻ വേണ്ടി അവൻ സൃഷ്ടി കർമ്മം ആവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ നിഷേധിച്ചതാരോ അവർക്ക് ചുട്ടുതിളക്കുന്ന പാനീയവും വേദനയേറിയ ശിക്ഷയും ഉണ്ടായിരിക്കും. അവർ നിഷേധിച്ചതിൻെറ ഫലമത്രെ അത്. (യൂനുസ് 4)

"ആ ഘോര ശബ്ദം യഥാർത്ഥമായും അവർ കേൾക്കുന്ന ദിവസം. (അതത്രെ ഖബറുകളിൽ നിന്നുള്ള) പുറപ്പാടിൻെറ ദിവസം. തീർച്ചയായും നാം ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ അടുത്തേക്ക് തന്നെയാണ് മടക്കവും. അവരെ വിട്ടു ഭൂമി പിളർന്നിട്ട് അവർ അതിവേഗം വരുന്ന ദിനം. അത് നമ്മെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ള ഒരുമിച്ചു ചേർക്കലാകുന്നു. ( ഖാഫ് 42-44)

" അപ്പോൾ അവൻ(മരിച്ചവൻ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ അവന് ആശ്വാസവും വിശിഷ്ടമായ ഉപജീവനവും സുഖാനുഭൂതിയുടെ സ്വർഗ്ഗത്തോപ്പും ഉണ്ടായിരിക്കും. ... ഇനി അവൻ ദുർമാർഗ്ഗികളായ സത്യ നിഷേധികളിൽ പെട്ടവനാണെങ്കിൽ ചുട്ടുതിളക്കുന്ന ജലം കൊണ്ടുള്ള സൽക്കാരവും നരകത്തിൽ വെച്ചുള്ള ചുട്ടെരിക്കിലുമാണ് (അവനുള്ളത്.) തീർച്ചയായും ഇത് ദൃഢമായ യാഥാർത്ഥ്യമാണ്. ( 56: 88-95)

ഇപ്രകാരമുള്ള പരലോക വിശ്വാസം ജീവിതത്തിന് ദിശാബോധവും കർമ്മങ്ങൾക്ക് ധാർമ്മികാടിസ്ഥാനവും നൽകുമെന്നത് ഒരു സത്യമാണ്. അമേരിക്കക്കാരനും ക്രിസ്ത്യൻ ചർച്ചിലെ ജീവനക്കാനുമായ വീൻ ബെത്ത് തനിക്ക് ഈ ഇസ്ലാമിക വിശ്വാസം നൽകിയ സമാധാനത്തെ കുറിച്ച് പറഞ്ഞത് ഇവിടെ ശ്രദ്ധേയമാണ്.

മനുഷ്യ ജീവിതത്തിൻെറ ലക്ഷ്യം പരലോകത്ത് സ്വർഗ്ഗം നേടുകയാണ്. അത് നഷ്ടമാകുന്നവൻ ഏററവും വലിയ ദൗർഭാഗ്യവനാണ്. മാത്രമല്ല അത്തരക്കാർക്ക് കഠിനമായ നരക ശിക്ഷയുമുണ്ട്. അന്തിമ വേദമായ വിശുദ്ധ ഖുർആനി ലൂടെ ദൈവം അവതരിപ്പിച്ച സത്യമതം നിഷേധിക്കുന്നവർക്ക് രക്ഷ ലഭിക്കുന്നതല്ല. ഖുർആൻ പറഞ്ഞു:

" സത്യം നിഷേധിക്കുകയും നിഷേധികളായി തന്നെ മരിക്കുകയും ചെയ്തവരാരോ അവരുടെ മേൽ അല്ലാഹുവി ൻെറയും മലക്കുകളുടെയും മനുഷ്യരുടെയും ഒന്നടങ്കം ശാപമു ണ്ടാകുന്നതാണ്. അതവർ ശാശ്വതമായി അനുഭവിക്കുന്നതാ ണ്. അവർക്ക് ശിക്ഷ ഇളവ് ചെയ്യപ്പെടുകയില്ല. അവർക്ക് ഇട കൊടുക്കപ്പെടുകയുമില്ല. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമ കാരുണികനും കരുണാനിധിയുമത്രെ. (2: 161,162)

" ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലം ഉയിർത്തെഴുന്നേൽപിൻെറ നാളിൽ മാ ത്രമെ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആര് നരകത്തിൽ നിന്ന് അകററി നിർത്തപ്പെടുകയും സ്വർഗ്ഗ ത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജ യം നേടുന്നത്. ഐഹിക ജിവിതം കബളിപ്പിക്കപ്പെടുന്ന ഒരു വിഭവമല്ലാതെ മറെറാന്നുമല്ല. ( വി: ഖു: 3- 175)

" നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷ ഭരിതരായി ക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. സ്വർണ്ണത്തിൻെറ തളിക കളും പാനപാത്രങ്ങളും അവർക്ക് ചുററും കൊണ്ടുനടക്ക പ്പെടും. മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദ കരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യ വാസികളായിരിക്കുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിൻെറ ഫലമായി നിങ്ങൾക്ക് അവ കാശപ്പെടുത്തിത്തന്നിട്ടുള്ള സ്വർഗ്ഗമത്രെ അത്. നിങ്ങൾക്കതിൽ

**പഴങ്ങൾ ധാരാളമായി ഉണ്ടാകും. അതിൽ നിന്ന് നിങ്ങൾക്ക് ഭക്ഷിക്കാം. (43: 70- 73)**

**അതിനാൽ വിലമതിക്കാൻ കഴിയാത്ത ഈ ജീവിതം ധന്യമാക്കാൻ ഉദ്ദേശിക്കുന്നവൻ തൻെറ സ്രഷ്ടാവായ അല്ലാഹുവിൻെറ നിർദ്ദേശങ്ങളും അവനയച്ച അന്തിമ പ്രവാചകനായ മുഹമ്മദ് നബിയുടെ ഉപദേശങ്ങളും അംഗീകരിച്ച് ജീവിക്കണം.**

**നബിവചനങ്ങൾ**

**“ മനസ്സിൽ അണുത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അഹങ്കാരം സത്യത്തെ പുഛ്ചിക്കലും ജനങ്ങളെ നിസ്സാരമാക്കലുമാണ്.”**

**“മദ്യ പാനിയും മാരണത്തിൽ വിശ്വസിക്കുന്നവനും കുടംബ ബന്ധം മുറിക്കുന്നവനും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.”**

**“കൈക്കൂലി വാങ്ങുന്നവനെയും കൊടുക്കുന്നവനെയും അവർക്കിടയിൽ പ്രവർത്തിക്കുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു.”**

# ഖുർആൻ

**"ഈ ഖുർആൻ അവതരിപ്പിച്ചവൻ എനിക്ക് സ്വന്തത്തെ അറിയുന്നതിനേക്കാൾ കൂടുതൽ എന്നെ അറിയുന്നത് പോലെയുണ്ട്."**
**ഡോ: ജഫ്രീ ലാംങ്**

കാരുണ്യവാനായ അല്ലാഹു മനുഷ്യന് സന്മാർഗ്ഗദർശനം കാലങ്ങളിലായി നൽകിക്കൊണ്ടിരുന്നു. അതിന് വേണ്ടി മനുഷ്യരിൽ ഉത്തമരായ ദൂതന്മാരെ നിയോഗിക്കുകയും വേദങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അവരിൽ അവസാനത്തെ ദൂതൻ മുഹമ്മദ് നബി(സ)യും വേദഗ്രന്ഥം ഖുർആനുമാണ്. മുഴുവൻ സത്യവേദങ്ങളെയും പ്രവാചകന്മാരെയും അംഗീകരിക്കുന്ന ഖുർആൻ ഈ ആധുനിക കാലത്തും സന്മാർഗ്ഗ ദർശനം നൽകിക്കൊണ്ട് അന്യൂനവും അജയ്യവുമായി നിലനിൽക്കുന്നു. അത് പഠിക്കുന്നത് മുസ്ലിംകൾ മാത്രമല്ല. എല്ലാ വിഭാഗത്തിലും പെട്ട ഉന്നതരും സാധാരണക്കാരുമായ അനേകം പേർ പഠിക്കുന്നു. ആധുനിക കാലത്തെ പ്രസിദ്ധ ശാസ്ത്രഞ്ജരായ മോറിസ് ബുക്കായി, കെയ്ത്ത് എൽ മൂർ, ഗരോഡി, ക്യാററ് സ്ററീവൻ, പോപ്പ് ഗായകഗനായിരുന്ന യൂസുഫുൽ ഇസ്ലാം .... തുടങ്ങിയ അനേകം പേർ അതിൻെറ ഉറവയിൽ നിന്ന് ജലപാനം ചെയ്തവരാണ്. ഉണർന്ന ഹൃദയവും സത്യാന്വേഷണ ചിന്തയുമുള്ള മതപണ്ഡിതന്മാരും ഞ്ജാനികളുമടക്കം ആയിരക്കണക്കിൽ ആളുകൾ നിത്യവും അതിൻെറ സരണിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സാധാരണക്കാരായ അമുസ്ലിംകളധികവും ഖുർആൻ മുസ്ലിംകളുടെ മാത്രം

വേദമാണെന്ന് തെററിദ്ധരിച്ചിരിക്കുന്നു. ചിലർ സാമുദായികത യുടെയും സങ്കുചിതത്വത്തിൻെറയും തടവറയിലായതിനാൽ ഖുർആനികാശയങ്ങളെ കുറിച്ച് ചിന്തിച്ചിട്ടേയില്ല.

അതിൻെറ അവതരണം ഭാഷകളും ദേശങ്ങളും അതിരുകൾ ക്കധീതമായി വിനിമയത്തിലേർപ്പെടുകയും സംസ്കാരങ്ങളും വിജ്ഞാനങ്ങളും വിശ്വ വികാസം ആരംഭിക്കുകയും ചെയ്ത ചരിത്ര സന്ധിയിലാണ്. അത് അവതീർണ്ണമായത് സർവ്വ മനു ഷ്യർക്കും വേണ്ടിയാണ്. അതിനാൽ അതിൻെറ സംബോധിതർ മാനവ സമൂഹവുമാണ്. അതിന് നാടിൻെറയോ ഭാഷയുടെ യോ മതത്തിൻെറയോ അതിർ വരമ്പുകളില്ല. അതിനാൽ അത് താങ്കളുടെത് കൂടിയാണെന്ന് അറിയുക. ഖുർആൻ പറഞ്ഞു: “ഇത് ലോകർക്ക് (മുഴുവനും) വേണ്ടിയുള്ള സന്ദേശമല്ലാതെ മറെറാന്നുമല്ല.(38:87) “ സ്പഷ്ടമായ ഒരു പ്രകാശം നാം നിങ്ങൾക്ക് അവതരിപ്പിച്ചിരിക്കുന്നു. (4:174)

അമേരിക്കക്കാരനായ ഡോ: ജഫ്രി ലാംങ്ങിൻെറ അനുഭവ സാക്ഷ്യം ഇവിടെ സ്മരണീയമാണ്. തന്നോട് സംസാരിക്കുക യും തൻെറ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും തൻെറയും മനസ്സിനുമിടയിലുള്ള മറകൾ നീക്കുകയും ജീവിതത്തിന് വെളിച്ചം നൽകുകയും ചെയ്യുന്ന ഒരു അതിമഹത്തായ ഗ്രന്ഥ മാണ് ഖുർആൻ എന്ന് അദ്ദേഹം പഠനാനന്തരം വിലയിരുത്തി. മനുഷ്യ ജീവിതത്തെ സംബന്ധിച്ച് നന്നായി അറിയുന്ന സർവ്വജ്ഞനായ അല്ലാഹു അവതരിപ്പിച്ച ആ ഗ്രന്ഥം അപ്രകാ രാകുമെന്നതിൽ നിഷ്പക്ഷമതികളാരും സംശയിക്കുകയില്ല

ഖുർആൻ പുരാണകഥകളോ ഐതിഹ്യങ്ങളോ വിവരിക്കുന്ന ഗ്രന്ഥമല്ല. കേവലം ചില പൂജാവിധികളും മന്ത്രങ്ങളും മാത്രം പഠിപ്പിക്കുന്നതുമല്ല. പ്രത്യുത സത്യവും അസത്യവും വ്യവച്ഛേ ദിച്ചു മനസ്സിലാക്കാൻ മതിയായ കുററമററ മാർഗ്ഗദർശന

മാണത്. അത് ജീവിതത്തിൻെറ സർവ്വ തലങ്ങളിലേക്കും വെളിച്ചം നൽകുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം, ആരാധനകൾ, പുണ്യകർമ്മങ്ങൾ തുടങ്ങി കുടുംബ പരം, സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, രാഷ്ട്രീയവുമായ എല്ലാ മേഖലകളിലേക്കുമുള്ള നിയമങ്ങളും ധാർമ്മിക നിർദ്ദേശങ്ങളും അതിലുണ്ട്. ഇടപാടുകളിലെ ധാർമ്മികത, വൈവാഹിക ജീവതത്തിലെ സുസ്ഥിതി, സർവ്വരുടെയും അവകാശങ്ങളും സംരക്ഷണവും, അവശതയനുഭവിക്കുന്നവരോടുള്ള ബാധ്യതകൾ മുതലായവയുമുണ്ടതിൽ. എല്ലാ തിന്മകളെ കുറിച്ചുള്ള താക്കീതുകളും ശിക്ഷാവിധികളുമുണ്ട്. ഗതകാല ചരിത്ര സംഭവങ്ങൾ, സമൂഹത്തിൻെറ ഉത്ഥാന പതനങ്ങൾ, ഭാവിയിലുണ്ടാകുന്നവയെ പററിയുള്ള പ്രവചനങ്ങൾ, ശാസ്ത്ര സത്യങ്ങൾ എന്നിവയുമുണ്ട്. പുറമെ മരണാനന്തര ജീവതത്തിൽ നമുക്കുണ്ടാവുന്ന പരലോകത്തെ വിചാരണ, സ്വർഗ്ഗം, നരകം തുടങ്ങിയവ പ്രാധാന്യ പൂർവ്വം അതിൽ വിവരിച്ചിട്ടുണ്ട്.

പൂർവ്വ വേദ ഗ്രന്ഥങ്ങൾ ഭേദഗതി ചെയ്യപ്പെടുകയും അവയുടെ അടിസ്ഥാന സന്ദേശം വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്തതുമായ കാലത്ത് നിരക്ഷരനും സത്യസന്ധനും വിശ്വസ്തനുമായ മുഹമ്മദ് നബി(സ)യിലൂടെ അല്ലാഹു അവതരിപ്പിച്ച ഈ ഗ്രന്ഥം അന്യൂനമായി യാതൊരു കൈകടത്തലുകൾക്കും വിധേയമാകാതെ ഇന്നും നിലനിൽക്കുന്നു. അത് ഒരു ശാസ്ത്ര ഗ്രന്ഥമല്ലെങ്കിലും ശാസ്ത്രീയ സത്യങ്ങൾ അതിൽ പരാമർശിക്കുന്നുണ്ട്.

പരിശുദ്ധ ഖുർആനിൽ ഭ്രൂണ വളർച്ചയുടെ ഘട്ടങ്ങളെ സംബന്ധിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

“നിശ്ചയം കളിമണ്ണിൻെറ സത്തയിൽ നിന്ന് മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജകണമായി കൊണ്ട് അവനെ നാം ഭദ്രമായ സ്ഥാനത്ത് വെച്ചു. പിന്നീട് ആ

കണത്തെ നാം അലക്വയായി രൂപപ്പെടുത്തി. പിന്നെ ആ അലക്വയെ മുള്ഗ (മാംസ പിണ്ഡ)യാക്കി." (വി: ഖുർആൻ 23:14-15)

"അലക്വ" എന്ന പദത്തിന് അട്ട, തൂങ്ങിക്കിടക്കുന്ന വസ്തു, രക്ത പിണ്ഡം എന്നീ മൂന്ന് അർത്ഥങ്ങളാണുള്ളത്. അലക്വ ഘട്ടത്തിൽ ഭ്രൂണം മാതാവിൻെറ ഗർഭപാത്രത്തിൽ അട്ടയുടെ ആകൃതിയിൽ തൂങ്ങിക്കിടക്കുകയാണ് ചെയ്യുന്നത്. മററുള്ളവരുടെ രക്തം കുടിച്ചു പോഷണം നേടുന്ന അട്ടയെ പോലെ തന്നെ, ഈ ഘട്ടത്തിൽ ഭ്രൂണം അതിനാവശ്യമായ പോഷണം സമ്പാദിക്കുന്നത് മാതാവിൻെറ രക്തത്തിൽ നിന്നാണ്. ആ ഘട്ടത്തിൽ കൂടുതൽ രക്തമുണ്ടാവുന്നതിനാൽ ഭ്രൂണവും അതിൻെറ ആവരണവും കട്ടയായ രക്തം പോലിരിക്കും. ( കൂടുതൽ വിശദീകരണത്തിന് : Human development as described in the Qran and sunnah. Moore and others. P 36- 37)

പിന്നീടുള്ള ഘട്ടത്തെ മുള്ഗ എന്നാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ചവച്ച വസ്തു എന്നാണ് അതിൻെറ അർത്ഥം. ഈ ഘട്ടത്തിലുള്ള ഭ്രൂണം ചവച്ച വസ്തുവിലെ പല്ലടയാളങ്ങൾ പോലെ കാണാവുന്ന ഒരു മാംസപിണ്ഡമായിരിക്കും. ശാസ്ത്രജ്ഞന്മാർ ഈ അടുത്ത കാലത്ത് മാത്രം ആധുനിക ഉപകരണങ്ങളും ശക്തിയേറിയ സൂക്ഷ്മ ദർശിനികളും ഉപയോഗിച്ച് കണ്ടെത്തിയ ഈ കാര്യങ്ങൾ എങ്ങനെയാണ് ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് മുഹമ്മദ് നബി(സ)ക്ക് മനസ്സിലായത്? ശാസ്ത്ര വിജ്ഞാനമില്ലാതിരുന്ന ഏഴാം നൂററാണ്ടിൽ ജീവിച്ച അദ്ദേഹമാണെങ്കിൽ നിരക്ഷരനുമായിരുന്നു.

ഉപ്പുജലവും ശുദ്ധജലവും ഒരുമിച്ച് ഒഴുകുന്ന ജലാശയങ്ങളെ സംബന്ധിച്ച് ഖുർആൻ പറയുന്നു:

“രണ്ടു ജലാശയങ്ങളെ സ്വതന്ത്രമായി ഒഴുകാൻ വിട്ടവനാകുന്നു അവൻ. ഒന്ന് സ്വച്ഛമായ ശുദ്ധജലം. മറെറാന്ന് അരോചകമായി തോന്നുന്ന ഉപ്പുജലവും. അവ രണ്ടിനുമിടയിൽ ഒരു മറയും ശക്തമായ തടസ്സവും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ( 25: 53)

ജലത്തിലെ താപം, ലവണത്വം, സാന്ദ്രത, ഓക്സിജൻ ലയനത്വം മുതലായവ കണ്ടുപിടിക്കാൻ കഴിയുന്ന അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ചാണിത് കണ്ടെത്തിയത്. ഇതൊന്നും മനുഷ്യ നേത്രങ്ങൾക്ക് കാണാവുന്നതല്ല. ജീവിതത്തിൽ ഒരിക്കൽ പോലും സമുദ്ര യാത്ര ചെയ്യാത്ത മുഹമ്മദ് നബി(സ)ക്ക് ഈ ആധുനിക കാലത്ത് മാത്രം കണ്ടെത്തിയ ഈ കാര്യങ്ങൾ അറിയാൻ സാധിച്ചത് ദിവ്യ സന്ദേശത്തിലൂടെയാണെന്നത് വ്യക്തമാണ്. ശാസ്ത്ര ഞ്ജാനം തീരെ ഇല്ലാതിരുന്ന അറബികൾക്കിടയിൽ തീർത്തും പ്രതികൂല സാഹചര്യത്തിലായിരുന്നു അദ്ദേഹം ജീവിച്ചത്. ഇത് പോലെ ആധുനിക ശാസ്ത്രം കണ്ടെത്തിയതും അല്ലാത്തതുമായ അനേകം ശാസ്ത്ര സത്യങ്ങൾ ഖുർആനിലുണ്ട്.

ഖുർആൻ ദൈവീക ഗ്രന്ഥമാണെന്നതിന് തെളിവ് ശാസ്ത്ര സത്യങ്ങൾ മാത്രമല്ല, അത് നൽകുന്ന അന്യൂനവും കുററമററതുമായ മാർഗ്ഗ ദർശനം തന്നെ ധാരാളം മതിയാകുന്നതാണ്. അതിൻെറ നിയമങ്ങൾ പരിഷ്കരണം ആവശ്യമില്ലാത്ത വിധം ഇന്നും എക്കാലത്തും പുതുമയോടെ നിലനിൽക്കുന്നതുമാണ്. അതിൻെറ ഭാഷയും ശൈലിയും അറബി സാഹിത്യത്തിൽ അത്യുന്നത നിലവാരമുള്ളതുമാണ്. അതിന് സമാനമായ ഒരു ഗ്രന്ഥം രചിക്കാൻ മനുഷ്യന് സാധ്യമല്ല. അതിൻെറ അമാനുഷികത അത് തന്നെ പ്രഖ്യാപിച്ചു. എക്കാലത്തുമുള്ള അറബ് സാഹിത്യ നേതാക്കളെ അത് വെല്ലുവിളിക്കുകയും ചെയതു. അല്ലാഹു പറഞ്ഞു:

" നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പററി നിങ്ങൾ സംശയിക്കുന്നെങ്കിൽ അതിന് സമാനമായ ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിക്കുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതാണല്ലൊ വേണ്ടത്) നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ – നിങ്ങൾക്കത് ചെയ്യാൻ ഒരിക്കലും കഴിയുകയുമില്ല - മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകത്തെ നിങ്ങൾ കാത്തുസൂക്ഷിക്കുക. അത് സത്യ നിഷേധികൾക്ക് വേണ്ടി ഒരുക്കപ്പെട്ടതാകുന്നു. (2:23)

അറബി സാഹിത്യകാരന്മാർ ഖുർആനിൻെറ അവതരണ കാലത്തെന്നത് പോലെ എക്കാലത്തും ഇസ്ലാമിൻെറ ശത്രുക്കളായി ധാരാളമുണ്ടായിട്ടുണ്ട്. അവർക്കാർക്കും പ്രസ്തുത വെല്ലുവിളി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അന്ത്യ നാൾ വരെ അത് സാധിക്കുകയില്ലെന്നും ഖുർആൻ ഇവിടെ പ്രവചിച്ചിരിക്കുന്നു.

## പ്രകാശം

വിശുദ്ധ ഖുർആൻ നൽകുന്ന ധാർമ്മികോപദേശങ്ങളിൽ ചിലത് :

### വി:ഖു: ഇസ്റാഅ് അദ്ധ്യായത്തിൽ നിന്ന്

" തന്നെ(അല്ലാഹുവെ)യല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരി(മാതാപിതാക്കളിൽ) ഒരാളോ അവരിരുവരുമോ നിൻെറ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവ

രോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. ( 23)

കാരുണ്യത്തോടു കൂടി എളിമയുടെ ചിറക് നീ അവരിരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എൻെറ രക്ഷിതാവേ ചെറുപ്പത്തിൽ ഇവർ എന്നെ പോററി വളർത്തിയത് പോലെ ഇവരോട് നീ കരുണ ചെയ്യേണമേ എന്ന് നീ പറയുകയും ചെയ്യുക. ( 24)

നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മനസ്സിലുള്ളത് നന്നായി അറിയുന്നവനാണ്. നിങ്ങൾ നല്ലവരായിരിക്കുന്ന പക്ഷം തീർച്ചയായും അവൻ ഖേദിച്ചു മടങ്ങുന്നവർക്ക് കൂടുതൽ പൊറുത്ത് കൊടുക്കുന്നവനാണ്.( 25)

കൂടുംബ ബന്ധമുള്ളവന് അവൻെറ അവകാശം നീ നൽകുക. അഗതിക്കും വഴിയാത്രക്കാരനും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്യരുത്.( 26)

തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തൻെറ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു. ( 27)

നിൻെറ രക്ഷിതാവിങ്കൽ നിന്ന് നീ ആഗ്രഹിക്കുന്ന അനുഗ്രഹം തേടിക്കൊണ്ട് നിനക്ക് അവരി(അവകാശികളി)ൽ നിന്ന് തിരിഞ്ഞുകളയേണ്ടി വരുന്നുവെങ്കിൽ നീ അവരോട് സൗമ്യമായ വാക്ക് പറഞ്ഞു കൊള്ളുക. (28) ( മേൽ പറഞ്ഞവരുടെ ആവശ്യം നിർവ്വഹിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിലും അല്ലാഹുവിൻെറ അനുഗ്രഹത്താൽ വല്ലതും ലഭിച്ചാൽ അവർക്ക് കൊടുക്കുമെന്ന് ആഗ്രഹമുണ്ടാകണം. വിവ:)

നിൻെറ കൈ നീ പിരടിയിലേക്ക് ബന്ധിക്കരുത്. കൈ മുഴുവനായും നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്താൽ നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും ( 29) ( കടുത്ത പിശുക്കനോ ധാരാളിയോ ആകരുത്. വിവ:)

തീർച്ചയായും നിൻെറ രക്ഷിതാവ് അവനുദ്ദേശിക്കുന്നവർക്ക് ഉപജീവന മാർഗ്ഗം വിശാലമാക്കിക്കൊടുക്കുന്നു. (ചിലർക്ക്) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ തൻെറ ദാസന്മാരെ പററി സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു. ( 30)

ദാരിദ്ര ഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ വധിക്കരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലരുത്. നിശ്ചയമായും അത് ഭീമമായ അപരാധമാകുന്നു. ( 31)

നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്. നിശ്ചയം അത് ഒരു നീച വൃത്തിയും ദുഷിച്ച മാർഗ്ഗവുമാകുന്നു. ( 32)

അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായ പ്രകാരമല്ലാതെ കൊല്ലരുത്. അക്രമത്തിന് വിധേയനായി വല്ലവനും വധിക്കപ്പെടുന്നതായാൽ അവൻെറ അവകാശിക്ക് നാം (പ്രതികാരം ചെയ്യാൻ) അധികാരം കൊടുത്തിട്ടുണ്ട്. എന്നാൽ അവൻ കൊലയിൽ അതിരുകവിയരുത്. നിശ്ചയം അവൻ സഹായിക്കപ്പെടുന്നവനാകുന്നു. (33) (കുററകൃത്യത്തേക്കാൾ കടുത്ത ശിക്ഷയോ കുററക്കാരല്ലാത്തവർ ശിക്ഷിക്കപ്പെടുകയോ അരുത്.വിവ: )

അനാഥക്ക് പ്രാപ്തി എത്തുന്നത് വരെ ഏററവും നല്ല രീതിയിലല്ലാതെ അവൻെറ സ്വത്ത് നിങ്ങൾ സമീപിക്കരുത്. നിങ്ങൾ

കരാറ് പാലിക്കുക. നിശ്ചയം കരാറിനെ പററി ചോദ്യം ചെയ്യപ്പെടുന്നതാണ്. ( 34)

നിങ്ങൾ അളന്നുകൊടുക്കുകയാണെങ്കിൽ അളവ് പൂർത്തിയാക്കിക്കൊടുക്കുക. ശരിയായ തുലാസ്സ് കൊണ്ട് നിങ്ങൾ തൂക്കി കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യ ഫലത്തിൽ ഏററവും മെച്ചവുമായിട്ടുള്ളതും. ( 35)

നിനക്കറിവില്ലാത്ത ഒരു കാര്യത്തിൻെറയും പിന്നാലെ നീ പോകരുത്. നിശ്ചയം കേൾവി, കാഴ്ച, ഹൃദയം എന്നിവയെ പററിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.( 36) (ഖണ്ഡിതമായ അറിവ് ലഭിച്ച ശേഷമെ ഏത് കാര്യത്തിലും തീരാമാനമെടുക്കാവൂ. ഊഹത്തെ മാത്രം അവലംബിച്ച് ഒന്നും ചെയ്യരുത്.)

നീ ഭൂമിയിൽ അഹങ്കാരത്തോടെ നടക്കരുത്. നിശ്ചയം നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാവില്ല. ഉയരത്തിൽ നിനക്ക് പർവ്വതങ്ങൾക്കൊപ്പമെത്താനുമാവില്ല. തീർച്ച.( 37)

അവയി( ഉപര്യുക്ത കാര്യങ്ങളി)ൽ നിന്നെല്ലാം ദുഷിച്ചത് നിൻെറ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാണ്.( 38)

നിൻെറ രക്ഷിതാവ് നിനക്ക് ബോധനം നൽകിയ ജ്ഞാനത്തിൽ പെട്ടതത്രെ അത്. അല്ലാഹുവോടൊപ്പം മറെറാരു ദൈവത്തേയും നീ സ്ഥാപിക്കരുത്. എങ്കിൽ ആക്ഷേപിക്കപ്പെട്ടവനും പുറംതള്ളപ്പെട്ടവനുമായി നീ നരകത്തിൽ എറിയപ്പെടും.( 39)

## പരമ കാരുണ്യവാൻെറ ദാസന്മാർ

### വി: ഖു: ഫുർഖാൻ അദ്ധ്യായത്തിൽ നിന്ന്

പരമകാരുണികൻെറ ദാസന്മാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൾ

സമാധാന പരമായി മറുപടി പറയുന്നവരുമാകുന്നു. (63) തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും, നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിയുന്നവരുമാകുന്നു അവർ (64)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരക ശിക്ഷ ഒഴിവാക്കിത്തരേണമേ. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു എന്ന് പറയുന്നവരാകുന്നു അവർ. (65,66)

ചെലവ് ചെയ്യുകയാണെങ്കിൽ അമിത വ്യയം നടത്തുകയോ പിശുക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതത്വം പാലിക്കുന്നവരാകുന്നു. (67)

അല്ലാഹുവോടൊപ്പം വേറൊരു ദൈവത്തേയും വളിച്ചു പ്രാർത്ഥിക്കാത്തവരും അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്താൽ പാപ ഫലം കണ്ടെത്തുക തന്നെ ചെയ്യും. (68) ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അവന് ശിക്ഷ ഇരട്ടിയാക്കപ്പെടുകയും, നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചു കൂട്ടുകയും ചെയ്യും. (69)

പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാററിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു. (70)

വല്ലവനും പശ്ചാതത്തപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിൽ അല്ലാഹുവി

ലേക്ക് ശരിയായ നിലയിൽ മടങ്ങുകയാണ് അവൻ ചെയ്യുന്നത്. (71)

കളവിന് സാക്ഷി നിൽക്കാത്തവരും അനാവശ്യ വൃത്തികൾ നടക്കുന്നേടത്ത് കൂടി പോവുകയാണെങ്കിൽ മാന്യന്മാരായിക്കൊണ്ട് കടന്നു പോകുന്നവരാകുന്നു അവർ. (72)

തങ്ങളുടെ രക്ഷിതാവിൻെറ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരന്മാരും അന്ധന്മാരുമായിക്കൊണ്ട് അതിന്മേൽ ചാടി വീഴാത്തവരാകുന്നു അവർ. (73)

(ഉൽബോധ നം കേൾക്കാനോ, ഗ്രഹിക്കാനോ തയ്യാറാകാതെ അന്ധമായി എതിർക്കുന്നതിന് പകരം അത് ശ്രവിച്ച് ഉചിതമായ നിലപാട് സ്വീകരിക്കുന്നവരത്രെ അവർ.)

ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്താനങ്ങളിൽ നിന്നും ഞങ്ങൾക്ക് കണ്കുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരാകുന്നു അവർ. (74)

അത്തരക്കാർക്ക് അവർ ക്ഷമിച്ചതിൻെറ പേരിൽ (സ്വർഗ്ഗത്തിൽ) ഉന്നതമായ സ്ഥാനം പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതാണ്.(75) അതിൽ അവർ നിത്യവാസികളായിരിക്കും. അത് എത്ര നല്ല താവളവും പാർപ്പിടവും. (76)

## മാനവികതയും സമത്വവും

ഖുർആൻ പറയുന്നു:

“മനുഷ്യരെ, നിശ്ചയം നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു. നിങ്ങൾ പരസ്പരം അറിയേ

ണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്ര ങ്ങളുമാക്കുകയും ചെയ്തു. നിശ്ചയം അല്ലാഹുവിൻെറ അടുക്കൽ നിങ്ങളിലേററവും ആദരണീയൻ നിങ്ങളിലേററവും ധർമ്മനിഷ്ഠ പാലിക്കുന്നവനാണ്. നിശ്ചയം അല്ലാഹു സർവ്വ ജ്ഞനും സൂക്ഷ്മജ്ഞാനിയുമാണ്." (ഖു: 49:13)

## നബി തിരുമൊഴികൾ

" നിങ്ങളുടെ നാഥൻ ഒന്ന്. നിങ്ങളുടെ പിതാവ് ഒന്ന്. എല്ലാവരും ആദമിൽ നിന്ന്. ആദമോ മണ്ണിൽ നിന്നും. നിങ്ങളിലേററവും ഉത്തമൻ ഏററവും ഭക്തിയുള്ളവൻ. അറബിക്ക് അനറബിയേക്കാളോ വെളുത്തവന് കറുത്ത വനേക്കാളോ ഒരു ശ്രേഷ്ടതയുമില്ല. ഭക്തി യുടെ അടിസ്ഥാനത്തിലല്ലാതെ."

" വർഗീയതയിലേക്ക് ക്ഷണിക്കുന്നവൻ നമ്മിൽ പെട്ടവനല്ല"

# മുഹമ്മദ് നബി(സ)

**" മതപരവും ഭൗതികവുമായ രണ്ട് മേഖലകളിലും പ്രത്യ ക്ഷവും ഉന്നതവുമായ വിജയം കൈവരിച്ച ചരിത്രത്തി ലെ ഏക വ്യക്തിയാണ് മുഹമ്മത്. മത ഭൗതിക തല ങ്ങളിൽ ഒരുമിച്ച് ഒരേ സമയം അദ്ദേഹം നേടിയ ഈ തുല്യതയില്ലാത്ത അപൂർവ്വ വിജയമാണ് മാനവ ചരിത്ര ത്തിൽ സ്വാധീനിച്ച ഏററവും മഹാനായ വ്യക്തിയായി അദ്ദേഹം പരിഗണിക്കപ്പെട്ടത്. " ( ദ ഹൻഡ്രഡ്)**

ഭൂമുഖത്ത് മനുഷ്യവാസം ആരംഭിച്ച കാലം മുതൽ സ്രഷ്ടാവായ അല്ലാഹു മനുഷ്യ സമൂഹത്തിന് സന്മാർഗ്ഗ ദർശനം നൽകിക്കൊണ്ടിരുന്നു. അതിന് വേണ്ടി അല്ലാഹു മനുഷ്യരിൽ നിന്ന് തന്നെ പ്രത്യേകം ദൂതന്മാരെ തെര ഞ്ഞെടുക്കകെയും അവർ മുഖേന സമൂഹത്തിന് അത് എത്തി ക്കുകയും ചെയ്യുന്നു. സമാധാന പൂർണ്ണമായ ഒരു ഐഹിക ജീവിതവും സ്വർഗ്ഗം പൂകിയുള്ള ഒരു പാരത്രിക ജീവതവും നേടിയെടുക്കാനുള്ള ഏകമാർഗ്ഗം ഈ ദൂതന്മാരിലൂടെ ലഭിച്ച സത്യസന്ദേശം പിന്തുടരുക മാത്രമാണ്. പ്രഥമ മനുഷ്യനായ ആദം, നോഹ, അബ്രഹാം, മോശെ, യേശു തുടങ്ങിയവർ ഇവരിൽ പെട്ടവരാണ്. എല്ലാ സമൂഹങ്ങളിലും കാലങ്ങ ളിലായി ഈ ദൂതന്മാർ നിയുക്തരായിട്ടുണ്ട്. ഇവർ ദൈവത്തിൻെറ അവതാരങ്ങളോ അംശങ്ങളോ അല്ല. പ്ര ത്യുത മാതൃകാ പുരുഷന്മാരായ മനുഷ്യരത്രെ. ഈ ശൃംഖ ലയിലെ അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് നബി (സ).

ഖുർആൻ പറഞ്ഞു: നൂഹിനോട് നാം കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം - നിങ്ങൾ മതത്തെ നേരാം വണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം- അല്ലാഹു നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു ..". " അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം നൽകിയിരിക്കുന്നു. വേദഗ്രന്ഥമോ സത്യ വിശ്വാസമോ എന്തെന്ന് (മുമ്പ്) നിനക്ക് അറിയുമായിരുന്നില്ല. പക്ഷെ അതിനെ നാം ഒരു പ്രകാശമാക്കിയിരിക്കുന്നു. അതു മുഖേന നാം ഉദ്ദേശിക്കുന്നവർക്ക് വഴി കാണിക്കുന്നു. തീർച്ചയായും നീ സൽപാതയിലേക്കാകുന്നു മാർഗ്ഗ ദർശനം നൽകുന്നത്. (42: 13, 52)

മുഹമ്മദ് നബി(സ) മക്കയിൽ ജനിച്ചു. സത്യസന്ധവും വിശുദ്ധവുമായ വ്യക്തിത്വത്തിൻെറ ഉടമയായിരുന്ന അദ്ദേഹം നാൽപതാമത്തെ വയസ്സിൽ പ്രവാചകനായി നിയുക്തനായി. തുടർന്ന് ദിവ്യ സന്ദേശം അദ്ദേഹത്തിന് ലഭിച്ചുകൊണ്ടിരുന്നു. അറുപത്തിമൂന്നാമത്തെ വയസ്സിൽ മദീനയിൽ ചരമം പ്രാപിച്ചു.

അദ്ദേഹം ജീവിച്ചത് ചരിത്രത്തിൻെറ തെളിഞ്ഞ സാഹചര്യത്തിലാണ്. അദ്ദേഹത്തിൻെറ ശൈശവം, ബാല്യം, കൗമാരം, യുവത്വം, മദ്ധ്യകാലം, വാർദ്ധക്യം എന്നീ ഘട്ടങ്ങളിലൊക്കെ എവിടെ ആരുടെ കൂടെ കഴിഞ്ഞുവെന്നും അദ്ദേഹത്തിൻെറ കൂട്ടുകാരും സഹചാരികളുമൊക്കെ ആരായിരുന്നുവെന്നും അക്കാലങ്ങളിൽ എന്തൊക്കെ ചെയ്തുവെന്നും ചരിത്രം വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ ഉപദേശങ്ങളും അതിവിശാലവും മാതൃകാപരവുമായ കർമ്മങ്ങളും തങ്ക ലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ആ ജീവിതത്തിലെ ചെറുതും വലുതും സമൂഹം നിസ്സാരമായി ഗണിക്കുന്ന കാര്യങ്ങളും വരെ

അദ്ദേഹം പഠിപ്പിക്കുകയും തുറന്ന പുസ്തകം കണക്കെ സമൂഹത്തിന് മുമ്പിൽ തുറന്നു വെക്കുകയും ചെയ്തു.

അദ്ദേഹത്തിൻെറ മാതൃക വിജയത്തിലേക്കുള്ള പാതയാണെന്ന് വിശ്വസിക്കുന്ന അനുചരൻമാർ അദ്ദേഹത്തെ നിഴൽ പോലെ പിന്തുടർന്നു. കുടുംബ ജീവിതത്തിലേയും വീട്ടിലേയും കാര്യങ്ങൾ അവർ  അന്വേഷിച്ചു പഠിക്കുകയും ചെയ്തു. അദ്ദേഹം തലമുടി ചീകിയത്, ചെരുപ്പ് ധരിച്ചത്, ഭക്ഷണം കഴിച്ചത്, മോതിരം, തലപ്പാവ്, അരയുടുപ്പ് തുടങ്ങിയ വസ്ത്രങ്ങൾ ധരിച്ചത്, അദ്ദേഹത്തിൻെറ നടത്തം, ഇരുത്തം, കിടത്തം, ചിരി തുടങ്ങിയവയൊക്കെ അവർ ശ്രദ്ധിച്ചു. ദിനചര്യകളിൽ സ്വീകരിച്ച ചിട്ടകളും മററുമൊക്കെ അവർ പഠനത്തിന് വിധേയമാക്കി. അദ്ദേഹം ചരമം പ്രാപിക്കുമ്പോൾ ഇരുപതിലധികം താടിരോമങ്ങൾ നരച്ചില്ലെന്ന് അനുചരനായ അനസ്(റ) പറയുന്നു. പ്രാർത്ഥിക്കുമ്പോൾ കൈ എത്ര ഉയർത്തിയെന്നും, സംസാരിക്കുമ്പോൾ അംഗവിക്ഷേപം എങ്ങനെയൊക്കെയായിരുന്നുവെന്നും അവർ വിവരിക്കുന്നുണ്ട്.

അദ്ദേഹം വീട്ടിലാകുമ്പോൾ ഭാര്യ ആയിഷ(റ)യെ പോലുള്ളവർ അന്വേഷിച്ചു പഠിക്കുന്നു. അദ്ദേഹം മദീനയിലെ പള്ളിയിലായിരിക്കുമ്പോൾ അവിടെ താമസിച്ചു പഠിക്കുന്നവർ എഴുപതിലധികമുണ്ടായിരുന്നു. തബൂക്കിൽ അദ്ദേഹത്തോടൊപ്പം മുപ്പതിനായിരവും മക്കാവിജയ ദിനത്തിൽ പതിനായിരവും ഹജ്ജിൽ ഒരു ലക്ഷത്തിലധികവും അനുയായികൾ അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ വചനങ്ങൾ ഓരോന്നും ശ്രവിക്കുകയും പ്രവർത്തികളോരോന്നും നോക്കി അനുകരിക്കുകയും ചെയ്യുന്ന ഈ ജനലക്ഷങ്ങൾ അവയത്രയും പഠിക്കുകയും വരും തലമുറയെ പഠിപ്പിക്കുകയും ചെയ്തു. തൻമൂലം അവയുടെ സമാഹാരമായ(ഹദീസ്-സീറത്തുന്നബി) നബി വചന-ചരിത്ര വിജ്ഞാനം എന്നൊരു അമൂല്യ ശേഖരം ഇസ്ലാമിക

ലോകത്തെ ലൈബ്രറികളെ സമ്പന്നമാക്കി. ഇന്നും അതൊരു ചരിതത്തിലെ അത്ഭുതമായി നിലനിൽക്കുന്നു.

## അതുല്യ വ്യക്തിത്വം

അദ്ദേഹത്തിൻെറ വിശുദ്ധ വ്യക്തിത്വം പ്രത്യേകം സ്മരണീയമാണ്. അദ്ദേഹത്തെ പരിചയപ്പെടുകയും അറിയുകയും ചെയ്ത തദ്ദേശീയരുടേയും സ്നേഹിതൻമാരുടെയും ബൻധുക്കളുടെയുമിടയിൽ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിനുള്ള അംഗീകാരം അതുല്യമാ യിരുന്നു. അദ്ദേഹം മതപ്രബോധനം ആരംഭിക്കുന്നത് നാൽപതാമത്തെ വയസ്സിലാണ്. അത്രയും നീണ്ട കാലത്തെ മാതൃകാ ജീവിതത്തിന് നാട്ടുകാർ അൽ അമീൻ (വിശ്വസ്ഥൻ) എന്ന് അപരനാമം നൽകി ആദരിക്കുകയും തർക്ക പ്രശ്നങ്ങളിൽ അദ്ദേഹത്തെ മധ്യസ്ഥനാക്കുകയും വസ്തുവഹകൾ സൂക്ഷിക്കാനേൽപ്പിക്കുകയും ചെയ്തു പോന്നു. അദ്ദേഹം പ്രവാചകത്വ ലബ്ധിക്ക് ശേഷം അബൂഖുബൈസ് പർവ്വതത്തിൽ ജനങ്ങളെ വിളിച്ചു കൂട്ടി മലയുടെ മറുഭാഗത്ത് ഒരു സൈന്യം താവളമടിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളുടെ പ്രതികരണമെന്തായിരിക്കുമന്നെ് അവരോട് ചോദിച്ചു. അവർ പറഞ്ഞു: കളവ് പറഞ്ഞ അനുഭവം നിന്നിൽ നിന്ന് ഞങ്ങൾക്ക് ഉണ്ടായിട്ടേയില്ല. അതിനാൽ ഞങ്ങൾ അത് വിശ്വസിക്കും. (ഇബ്നു ഹിഷാം). ഇവിടെ മല കയറിനോക്കി ഉറപ്പു വരുത്തേണ്ടതുണ്ടോ എന്നാശങ്കിക്കുക പോലും ചെയ്യാതെ ആയുധ സജ്ജരാകുമെന്ന് സമൂഹം പ്രഖ്യാപിച്ചത് അദ്ദേഹത്തിൽ അവർക്കുള്ള മതിപ്പും വിശ്വാസത്തേയുമാണ് വരച്ചു കാണിക്കുന്നത്. പിന്നീട് തൻെറ ദൗത്യത്തെ അവരിൽ ചിലർ എതിർത്തപ്പോൾ അദ്ദേഹം ചോദിച്ചു. ഈ ആയുഷ്കാലമത്രയും നിങ്ങൾക്കിടയിലാണ് ഞാൻ ജീവിച്ചത്. നിങ്ങൾ ചിന്തിക്കുന്നില്ലേ.” ഇവിടെ സമൂഹത്തിനിടയിൽ കഴിഞ്ഞ നീണ്ട നാൽപത് വർഷത്തെ തൻെറ ജീവിതം

ചിന്തിക്കാൻ വേണ്ടി സമർപ്പിക്കുന്നു. അതിനിടയിൽ ധർമ്മ വിരുദ്ധമോ അക്രമപരമോ ആയ വല്ല പ്രവർത്തിയോ അപമര്യാദയായ വല്ല പെരുമാററമോ ഉണ്ടായതായി ചൂണ്ടിക്കാണിക്കാൻ കഴിയുമോ? എന്ന ചോദ്യം തദ്ദേശീയർക്കിടയിൽ ഉന്നയിക്കുന്നു. എന്നാൽ അദ്ദേഹത്തിൻെറ ജീവിതം മാതൃകാ പരമാണെന്ന് അവർ സമ്മതിക്കുന്നു.

ബഹുദൈവാരാധകരും പാരമ്പര്യ വാദികളുമായ മക്കയിലെ ഒരു വിഭാഗം പ്രത്യേകിച്ചും ഭരണാധികാരികൾ ആദർശ പരമായി നബി(സ)യോട് വിയോജിപ്പും ശത്രുതയും പ്രകടിപ്പിക്കുകയും തന്മൂലം നബി(സ)യും വിശ്വാസികളും മദീനയിലേക്ക് പലായനം ചെയ്യുകയുമുണ്ടായി. ശേഷം ശത്രുക്കൾ മദീനക്ക് നേരെ ഒട്ടേറെ സമരങ്ങൾ നടത്തുകയും ചെയ്തു. നബി(സ)യുടെ വ്യക്തിത്വത്തെ ഹനിക്കുന്ന ഒരു കറപുരണ്ട സംഭവമുണ്ടായിരുന്നുവെങ്കിൽ ഇസ്ലാം വിജയിക്കുകയില്ല. യുദ്ധത്തിലൂടെ നിരവധി ആളുകളുടെ ജീവൻ ഹനിക്കപ്പെടുകയുമില്ല. മാത്രമല്ല, നബി(സ)യും അവരും പരസ്പരം സമാധാന സൻധിയുണ്ടാക്കിയ ഹിജ്റ ഏഴാം വർഷം സിറിയയിലുണ്ടായിരുന്ന ഹിർഖൽ ചക്രവർത്തിയെ അദ്ദേഹം ഇസ്ലാമിലേക്ക് ക്ഷണിച്ചു. അവിടെ കച്ചവടത്തിന് വന്ന മക്കായിലെ ഭരണാധികാരിയും ശത്രു വിഭാഗത്തിൻെറ നേതാവുമായ അബൂസുഫ്യാനെ വളിച്ചുവരുത്തി നബി(സ)യെ കുറിച്ച് ചക്രവർത്തി വിശദമായി ചോദിച്ചു. അപ്പോൾ നബി(സ)യുടെ വ്യക്തിത്വം ഹനിക്കുന്നതൊന്നും അദ്ദേഹത്തിന് പറയാനുണ്ടായിരുന്നില്ല. പ്രത്യുത ഇങ്ങനെ പരിചയപ്പെടുത്തുകയും ചെയ്തു: മുഹമ്മദ് കളവ് പറയുമെന്നോ കരാർ ലംഘിക്കുമെന്നോ ഞങ്ങൾ പറയുന്നില്ല. അങ്ങനെ ഞങ്ങൾക്ക് അനുഭവവുമില്ല. (സീറത്തുൽ റസൂൽ). ഇതൊക്കെ പ്രവാചകത്വത്തിന് മുമ്പും ശേഷവും അദ്ദേഹത്തിൻെറ വ്യക്തിത്വത്തിനുള്ള ശത്രുക്കളുടെ പോലും അംഗീകാരത്തെ വരച്ചു കാണിക്കുന്നു.

# മഹിത സ്വഭാവം

മുഹമ്മദ് നബി (സ) തൻെറ സ്വഭാവ പെരുമാററങ്ങളിലൂ ടെ എക്കാലത്തേക്കുമുള്ള അതുല്യ മാതൃക സമർപ്പിച്ചു. ശത്രു മിത്ര ഭേദമന്യേ അത് പ്രശംസിക്കപ്പെടുകയുണ്ടായി.. അദ്ദേഹ ത്തിൻെറ കൂടെ ദീർഘകാലം ജീവിച്ച അനസ്, സൈദ്, അലി യ്യ്(റ) തുടങ്ങിയവരൊക്കെ ആ സ്വഭാവ മഹത്വത്തെ വാഴ്ത്തു ന്നുണ്ട്. പരുഷവും ക്രൂരവുമായ ഒട്ടേറെ മനുഷ്യർ അദ്ദേഹ ത്തിൻെറ സ്വഭാവ ഗുണം കൊണ്ട് മനുഷ്യത്വ ഗുണങ്ങളു ള്ളവരായി തീർന്നിട്ടുണ്ട്. അതിനാൽ ഖുർആൻ തന്നെ പ്രവാ ചകരെ പ്രശംസിച്ചു കൊണ്ട് പറയുന്നു: നിശ്ചയം നീ മഹത്തായ സ്വഭാവമുള്ളവനാകുന്നു."

ശത്രുവിനോട് ഉദാര സമീപനം പ്രകടിപ്പിക്കുന്നത് സ്വഭാ വ മഹത്വത്തിൻെറ ഉന്നതിയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ അദ്ദേഹം അത് പറയുക മാത്രമല്ല. അതിന് സ്വജീ വിതത്തിലൂടെ അനേകം മാതൃകകൾ സമർപ്പിക്കുക കൂടി ചെയ്തു. മക്കാ വിജയം കൈവരിച്ച ദിനത്തിൽ വിശ്വാസി കളുടെ ഘാതകരും അക്രമികളുമായ ശത്രുക്കൾക്ക് അദ്ദേഹം പൊതുമാപ്പ് നൽകി. അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിയമം അനുവദിക്കുകയും അതിന് ശേഷിയു ണ്ടാവുകയും ചെയ്ത അവസരത്തിൽ "നിങ്ങൾ എല്ലാം പോവുക. നിങ്ങൾ സ്വതന്ത്രരാണ്. ഇന്ന് നിങ്ങളോട് ഒരു പ്രതികാരവുമില്ല" എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഇങ്ങനെ വധ ശിക്ഷക്കർഹരായ അനേകമാളുകൾക്ക് നവജീവൻ തിരിച്ചു നൽകിക്കൊണ്ട് മാനവ ചരിത്രത്തിൽ ഒരു പൊൻതൂവൽ അദ്ദേഹം തുന്നിച്ചേർത്തു. ഒരിക്കൽ നബി(സ) വൃക്ഷക്കൊമ്പിൽ ഉടവാൾ തൂക്കിയട്ട് തണലിൽ നിദ്രയിലാണ്ടു. ആ വാൾ കൈക്കലാക്കിയ ഒരു ദുഷ്ടൻ അദ്ദേഹത്തെ വിളിച്ചുണർത്തി ക്കൊണ്ട് ചോദിച്ചു: ഇതാ നിൻെറ വാൾ നിൻെറ നിണം

കുടിക്കും. ഇതിൽ നിന്ന് നിന്നെ ആര് രക്ഷിക്കും? തൻെറ കഴുത്തറക്കാൻ ഒരുങ്ങി നിന്ന ശത്രുവിനോട് ഒട്ടും ആശങ്കയില്ലാതെ അല്ലാഹു എന്ന് മറുപടി പറഞ്ഞു. അപ്പോൾ അവൻെറ കയ്യിൽ നിന്ന് അത് വിറച്ചുവീണു. ആ വാളെടുത്ത പ്രവാചകൻ തനിക്ക് മുമ്പിൽ ഭയചികതനായി നിൽക്കുന്ന അവന് മാപ്പ് നൽകി. ഈ സംഭവം വള്ളത്തോൾ ഇങ്ങനെ വർണ്ണിക്കുന്നു

പ്രജകൾ തൻ കുററം പൊറുത്തരുളുവാൻ

ത്രിജഗതീ പിതാവോടു പലപ്പോഴും

നിബിഡ പ്രേമാത്താലപേക്ഷിച്ചുപോന്ന

നബിത്തിരുനാവിൻ തലക്കൽ നിന്നപ്പോൾ

ഗുരു വധക്രിയക്കുഴറി നിൽക്കുമാ-

ക്കരാളനും കൈവാൾ വഴുതിപ്പോം വണ്ണം

അതിസ്നിഗ്ധ ഭക്തി രഹസ്യമൊഴുക്കി നി-

ഷ്പതിച്ച "ല്ലാഹെ" ന്നൊരു ചെറുപദം

മനുഷ്യരെല്ലാം ഭ്രാതാക്കളാണെന്ന നബിസന്ദേശം ശ്രവിച്ച പി. കുഞ്ഞിരാമൻ നായർ "മരുഭൂമിയിലെ യാത്രക്കാരൻ" എന്ന ഗദ്യകവിതയിൽ ആ പ്രവാചക ശ്രേഷ്ടൻ ഇവിടെ കൊളുത്തി വെച്ച ഇസ്ലാം മധുരിമയുടെ വൃക്ഷമാണെന്നും സ്നേഹത്തിൽ വിടർന്ന പൊൻതരിയാണെന്നും പരിചയപ്പെടുത്തുന്നു. ഇത്തരത്തിലുള്ള സ്നേഹത്തിൻേറയും ദയാവായ്പിൻെറയും മാതൃകകൾ ധാരാളം നബി ചരിത്രങ്ങളിലും സാഹിത്യങ്ങളിലും പ്രദിപാദിക്കുന്നുണ്ട്.

# മാതൃകാ ജീവിതം

വാക്കും പ്രവർത്തിയും തമ്മിലുള്ള പൊരുത്തം നബി(സ)യുടെ സവിശേഷതയായിരുന്നു. അദ്ദേഹം ഉപദേശിക്കുന്ന കാര്യങ്ങള ത്രയും ആദ്യം പ്രവർത്തിക്കുന്നവനും സ്വകുടുംബത്തിൽ നടപ്പി ലാക്കുന്നയാളുമായിരുന്നു. പലിശ നിരോധിച്ചപ്പോൾ തൻെറ ബൻധുവായ അബ്ബാസി (റ)ന് കൊടുക്കാനുള്ള പലിശ ആദ്യം അദ്ദേഹം ദുർബ്ബലപ്പെടുത്തി. അജ്ഞാന കാലത്തെ അക്രമങ്ങ ൾക്കുള്ള പ്രതികാരം അവസാനിപ്പിച്ചപ്പോൾ തൻെറ കുടുംബ മായ റബീഅക്കുള്ള അവകാശം അദ്ദേഹം ദുർബ്ബലപ്പെടുത്തി. ഇങ്ങനെ ഇസ്ലാമികാദ്ധ്യാപനങ്ങളുടെ പ്രാവർത്തിക മാതൃക യായി അദ്ദേഹം സ്വജീവിതം സമൂഹത്തിന് നൽകിയെന്ന് ചരിത്രം വ്യക്തമാക്കുന്നു.

തത്വങ്ങളേക്കാൾ പ്രവർത്തനത്തിന് പ്രാധാന്യം നൽകിയ അദ്ദേഹം കർമ്മ മേഖല ശൂന്യമായവരോട് പറഞ്ഞു: വിശ്വാസി കളേ, നിങ്ങൾ ചെയ്യാത്തത് എന്തിന് നിങ്ങൾ പറയുന്നു? ...

പ്രാർത്ഥന, നമസ്കാരം, വ്രതം, ദാനം ചെയ്യൽ, കരുണ, സ്നേഹം, നീതി, സത്യ സന്ധത, ഗുണകാംക്ഷ, അനുകമ്പ സാമൂഹ്യ ക്ഷേമ പ്രവർത്തനം തുടങ്ങിയ ഭക്തിയുടെയും മാനവികതയുടെയും സർവ്വ ഗുണങ്ങളും അദ്ദേഹത്തിൽ സമ്മേ ളിച്ചിരുന്നു. അദ്ദേഹം ഇരുപത്തിമൂന്ന് വർഷം കൊണ്ട് ധാർമ്മി ക ബോധമുള്ളവരും സംസ്കാര സമ്പന്നരും മാതൃകാ യോഗ്യ രുമായ ഒരു വിശ്വാസി സമൂഹത്തെ വളർത്തിക്കൊണ്ടുവരികയും നീതിയിലും ക്ഷേമത്തിലും അധിഷ്ടിതമായ ഒരു രാജ്യവും ഭരണ വ്യവസ്ഥയും നടപ്പിലാക്കുകയും ചെയ്തു. ഇത് ചരിത്ര ത്തിലെ ഒരു അത്ഭുതമായിരുന്നുവെന്ന് അജ്ഞാന കാലമെന്ന് വിശേഷിപ്പിക്കപ്പെട്ട അന്നത്തെ അറബികളുടെ ചരിത്രമറിയുന്ന ആരും അംഗീകരിക്കും. അത് കൊണ്ടാണ് മിഖായേൽ എച്ച്

ഹാർട്ട് "ദ ഹന്ഡ്രഡ്" എന്ന നൂറ് മഹാ ചരിത്ര പുരുഷന്മാരെ കുറിച്ച് രചിച്ച ഗ്രന്ഥത്തിൽ പ്രഥമ സ്ഥാനം മുഹമ്മദ് നബി (സ)ക്ക് നൽകിയത്.

നബി(സ) ദേശ ഭാഷകൾക്ക് അതീതനായി അന്ത്യനാൾ വരെയുള്ള സർവ്വ മനുഷ്യരിലേക്കും നിയുക്തനായ പ്രവാചകനാണ്. ഖുർആൻ പറഞ്ഞു:

"സർവ്വ ലോകർക്കും കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം നിയോഗിച്ചിട്ടില്ല. (17: 107) " പ്രഖ്യാപിക്കുക: തീർച്ചയായും മനുഷ്യരെ, ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവനാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ...(7: 158)

അദ്ദേഹം അറബികൾക്ക് പുറമെ ആഫ്രിക്ക, റോം, പേർഷ്യ തുടങ്ങിയ വിവിധ രാജ്യങ്ങളിലെ ചക്രവർത്തിമാരെയും ജനങ്ങളെയും ഇസ്ലാമിലേക്ക് ക്ഷണിച്ചു. അതിനായി ദൂതന്മാരെ നിയോഗിക്കുകയും ചെയ്തു. ആഫ്രിക്കക്കാരനായ ബിലാൽ, റോമാക്കാരനായ സുഹയ്ബ്, പേർഷ്യക്കാരനായ സൽമാൻ എന്നിവർ പ്രഥമ ശിഷ്യരായത് ശ്രദ്ധേയമാണ്. യമനിലെ ക്രൈസ്തവ മുഖ്യപുരോഹിതനായ അദിയ്യ്, എത്യോപ്യൻ ചക്രവർത്തിയായ നേഗസ്, യഹൂദ പണ്ഡിതനും നേതാവുമായ അബ്ദുല്ല തുടങ്ങിയ പ്രമുഖർ നബി(സ)യുടെ കാലത്ത് മുസ്ലിംകളായതും മറെറാന്നുകൊണ്ടല്ല. ഇങ്ങനെ വിവിധ നാട്ടുകാരും ഭാഷക്കാരും മതക്കാരുമായ അനേകം പേർ അദ്ദേഹത്തിന്റെ കാലം മുതൽ തന്നെ ഈ സത്യ സന്ദേശം സ്വീകരിക്കുകയുണ്ടായി. ഇന്നും അത് തുടർന്ന് കൊണ്ടിരിക്കുന്നു. ഇങ്ങനെ എക്കാലത്തേക്കുമുള്ള ജനങ്ങൾക്ക് മഹത്തായ

മാതൃക നൽകിയ ദൈവദൂതനായ മുഹമ്മദ് നബി(സ)യെ അനുധാവനം ചെയ്യുന്നത് ജീവിത വിശുദ്ധി കാംക്ഷിക്കുന്ന ഏതൊരു മനുഷ്യനും വെളിച്ചം നൽകാതിരിക്കില്ല.

## തിരുമൊഴികൾ

“പച്ചക്കരളുള്ള ഏതൊരു ജീവിക്ക് ചെയ്യുന്ന സേവനത്തിലും നിങ്ങൾക്ക് പുണ്യമുണ്ട്. ”

“ ചെറിയവരോട് കരുണയും മുതിർന്നവരോട് ബഹുമാനയും കാണിക്കാത്തവൻ നമ്മിൽ പെട്ടവനല്ല.”

“ഒരു നന്മയും നീ നിസ്സാരമാക്കരുത്. നിൻെറ സഹോദരനെ പ്രസന്ന വദനനായി അഭിമുഖീകരിക്കുന്നത് പോലും.”

“നല്ല സ്വഭാവമുള്ളവന് സ്വർഗ്ഗത്തിൻെറ ഉന്നതിയിൽ ഒരു ഭവനമുണ്ട്.”

# സുവിശേഷം

ലോകത്ത് നിയോഗിക്കപ്പെട്ട പ്രവാചകന്മാർ മിക്കവരും ഒരു പ്രത്യേക ദേശത്തേക്കോ സമൂഹത്തിലേക്കോ മാത്രമായി നിയോഗിക്കപ്പെട്ടവരായിരുന്നു. തങ്ങളുടെ ദൗത്യത്തിൻെറ നിർവ്വഹണത്തോടൊപ്പം ഭാവിയിൽ വരാനിരിക്കുന്ന ഒരു മഹാ പ്രവാചകനെ കുറിച്ച് ദീർഘദർശനം ചെയ്തതായി കാണാൻ സാധിക്കും. കാലദേശങ്ങളുടെ അതിർ വരമ്പുകളില്ലാതെ ലോകത്തിന് മുഴുവൻ സ്വീകരിക്കുവാൻ സാധിക്കുന്ന സന്ദേശങ്ങളുമായി വരുന്ന ഒരു മഹാനെ സംബന്ധിച്ച സങ്കൽപം ഏതാണ്ടെല്ലാ മതസമൂഹങ്ങളിലുമുണ്ട്. അന്ധകാരത്തിൽ നിന്ന് ലോകത്തെ പ്രകാശത്തിലേക്ക് നയിക്കുവാൻ വേണ്ടി നിയോഗിക്കപ്പെടുന്ന ദൈവദൂതനെ കാത്തിരിക്കുന്ന മനുഷ്യ രാശിക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് "ഞാനാകുന്നു പ്രവാചകന്മാരിൽ അന്തിമൻ" എന്നവകാശപ്പെട്ട ഒരാൾ മാത്രമേ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളൂ. അത് മുഹമ്മദ് നബി(സ)യാണ്. ലോകത്തുള്ള ഇതര മതഗ്രന്ഥളെ പോലെ തന്നെ ഹിന്ദുമതഗ്രന്ഥങ്ങളും വരാനിരിക്കുന്ന ഒരു മഹാചാര്യനെ സംബന്ധിച്ച പ്രവചനമുൾക്കൊള്ളുന്നുണ്ട്.

ഏത സ്മിന്നന്തരെ മ്ളേഛ ആചാര്യേണ സമന്വിത
മഹാമത് ഇതിഖ്യാതഃ ശിഷ്യ ശാഖാ സമന്വിതഃ
**(ഭവിഷ്യൽ പുരാണം** : പ്രതിസർഗ പർവ്വം അദ്ധ്യായം മൂന്ന് ഖാണ്ഡം മൂന്ന്)

"അപ്പോൾ ആ മഹാമദ് എന്ന പേരിൽ വിദേശിയായ ഒരാചാര്യൻ തൻെറ അനുചരന്മാരോട് കൂടി പ്രത്യക്ഷപ്പെടും"

ഈ വചനത്തിൽ മഹാമദ് എന്നു തന്നെ പേരെടുത്ത് പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്. വരാനിരിക്കുന്ന ഈ മഹാൻെറ അനുയായികൾക്കുള്ള അടയാളങ്ങൾ കുടി വേദവ്യാസൻ പറഞ്ഞു.:

ലിംഗഛേദി ശിഖാഹീനഃ ശ്മശ്രുതാരി സദൂഷക
ഉച്ചാലപി സർവ്വ ഭക്ഷീ ഭവിഷ്യതി ജനമോം
വിന കൗശലം ചവശവസ്തോ ഷാം ഭക്ഷയാ മാതാമാം
മൂസലേനൈവ സംസ്കാരഃ കുശൈരി ഭവിഷ്യതി

തസ്മാൻ മൂസല വന്തോഹി ജാതയോ ധർമ്മ ദൂഷകാഃ
ഇതി പൈശാച ധർമ്മശ്ച ഭവിഷ്യതി മയാകൃതഃ
(ഭവിഷ്യൽ പുരാണം പ്രതിസർഗ പർവ്വം അദ്ധ്യായം മൂന്ന് ഖാണ്ഡം മൂന്ന് 25മുതൽ 28 വരെ)
"അദ്ധേഹത്തിൻെറ അനുയായികൾ ചേലാകർമ്മം ചെയ്യും. അവർ കുടുമ വെക്കുകയില്ല. അവർ താടി വളർത്തും. അവർ വിപ്ളവകാരികളായിരിക്കും. പ്രാർത്ഥിക്കുവാൻ ജനങ്ങളോട് അത്യുച്ചത്തിൽ ഉദ്ഘോഷിക്കുന്നവരായിരിക്കും. അവർ പന്നിയെ ഒഴിച്ച് മററുമിക്ക മൃഗങ്ങളെയും ഭക്ഷിക്കുന്നവരായിരിക്കും. ശുദ്ധി ചെയ്യുവാൻ ദർഭ ഉപയോഗിക്കുന്നതിന് പകരം സമരം ചെയ്ത് അവർ പരിശുദ്ധരാകും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നതാകയാൽ മുസലൈനവന്മാർ എന്ന പേരിൽ അവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ ആവിർഭാവം എന്നിൽ നിന്നായിരിക്കും."

യേശു തനിക്ക് ശേഷം വരാനിരിക്കുന്ന മഹാനായ ഒരു ദൈവദൂതനെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ടാണ് ഈ ലോകത്ത് നിന്ന് യാത്രയായത്. അദ്ദേഹം പറഞ്ഞു: എങ്കിലും സത്യം ഞാൻ നിങ്ങളോട് പറയുന്നു: ഞാൻ പോകുന്നത് നിങ്ങളുടെ പ്രയോജനം. ഞാൻ പോകുന്നില്ലെങ്കിൽ കാര്യസ്ഥൻ (പെരിക്ളീററസ്) നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് അയക്കും. അവൻ വന്ന് പാപത്തെയും സത്യത്തെയും നീതിയെയും ന്യായവിധിയെയും പററി ലോകത്തെ ബോധ്യപ്പെടുത്തും.(യോഹന്നാൻ 16:7,8) "ഇനിയും നിങ്ങളോട് പറയാനുണ്ട്. എന്നാൽ നിങ്ങൾക്ക് വഹപ്പാൻ കഴിവില്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരക്കാതെ താൻ കേൾക്കുന്നത് അവൻ പറയും. വരുവാനുള്ള കാര്യങ്ങൾ അവൻ നിങ്ങൾക്ക് അറിയിച്ചുതരും. അവൻ എനിക്കുള്ളതിൽ നിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചു തരുന്നത് കൊണ്ട് എന്നെ മഹത്വപ്പെടുത്തും (യോഹന്നാൻ 16:12-14)

യേശു പ്രവചിച്ച പെരിക്ളീററസ് ജനിച്ചത് അറേബ്യയിലാണ്. ക്രിസ്തുവിനെ സത്യപ്പെടുത്തിക്കൊണ്ട് വന്ന മുഹമ്മദ് നബിയാണ് പാപത്തെയും സത്യത്തെയും നീതിയെയും ന്യായവിധിയെയും കുറിച്ച് ലോകത്തെ ബോധവൽകരിച്ചത്. ജനങ്ങളെ എല്ലാ സത്യത്തിലേക്കും നയിച്ചതും അദ്ദേഹം തന്നെ. ജീവിതത്തിൻെറ സകല മേഖലകളിലും പാലിക്കപ്പെടേണ്ട ശാശ്വതമായ വിധിവിലക്കുകൾ പഠിപ്പിച്ച മുഹമ്മദ് നബി(സ) യേശുവിൻെറ പിൻഗാമിയും അവസാനത്തെ പ്രവാചകനുമാണ്. അദ്ദേഹത്തിലൂടെ പൂർത്തീകരിക്കപ്പെട്ട മതമാണ് ഇസ്ലാം. യേശുവും അദ്ദേഹത്തിൻെറ മുൻ പ്രവാചകന്മാരും പഠിപ്പിച്ച പാത പിന്തുടരുവാനാണ് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തത്.

യേശുവിൻെറ ഈ പ്രവചനം വിശുദ്ധ ഖുർആനിൽ ഇങ്ങനെ വായിക്കാം. “മറിയമിൻെറ മകൻ ഈസാ പറഞ്ഞ സന്ദർഭവും, ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെ പററി സന്തോഷ വാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളി ലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാല വിദ്യയാകുന്നു. (ഖുർആൻ 61:6)

മോശെ പ്രവാചകൻ യഹോവയുടെ വാഗ്ദാനം ഇങ്ങനെ അറിയിച്ചു: “നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപിച്ച് എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും. ഞാൻ അവനോട് കൽപിക്കുന്നതൊക്കെയും അവൻ അവരോട് പറയും. അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ

വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും.." (ആവർത്തനം 18:18,19) ആ വരാനിരിക്കുന്ന മഹാനായ പ്രവാചകൻ തൻെറ ജീവിതത്തിലും ദൗത്യത്തിലും മോശയെപ്പോലെയുള്ളയാളായിരിക്കും. അദ്ദേഹം ഇസ്റായീല്യരുടെ സഹോദരന്മാർ (അറബികളിൽ)ക്കിയടിയിൽ നിന്നാണ് ഉയർത്തപ്പെടുക. അദ്ദേഹത്തിൻെറ നാവിൽ ദൈവീക വചനങ്ങളാണ് ഉണ്ടാവുക. ദൈവം കൽപിക്കുന്നതാണ് അദ്ദേഹം തൻെറ ജനതയോട് സംസാരിക്കുക. അദ്ദേഹം പ്രവചിക്കുന്ന കാര്യങ്ങളെല്ലാം യാഥാർഥ്യമായി പുലരും. ഈ പറഞ്ഞ സവിശേഷതകളത്രയും മുഹമ്മദ് നബി(സ)യിൽ സമ്പൂർണ്ണമായും പൂർത്തീകരിപ്പെട്ടതാണെന്നതിൽ സത്യാന്വേഷികൾക്ക് സംശയമുണ്ടാകില്ല.

അപ്രകാരം സുവിശേഷമറിയിക്കപ്പെട്ടതിനാൽ മുഹമ്മദ് നബി(സ)യുടെ സമകാലികരായ ജൂദ ക്രൈസ്തവ പണ്ഡിതന്മാരിൽ ചിലർ ഒരു ദൈവദൂതനെ പ്രതീക്ഷിച്ചിരുന്നുവെന്നും അപ്രകാരമുള്ള അന്വേഷണം മദീനയിലെ യഹൂദരുടെ മുഖ്യ പുരോഹിതനായ അബ്ദുല്ലാഹിബ്നുസലാമിനെ ഇസ്ലാമിലേക്ക് ആകർഷിച്ചുവെന്നതും ചരിത്ര സത്യമാണ്. പാർസി മതം പഠിച്ചുവളർന്ന് പിന്നീട് ക്രിസ്തു മതം സ്വീകരിച്ച് അനേകം പുരോഹിതന്മാരിൽ നിന്ന് ബൈബിളിൽ പാണ്ഡിത്യം നേടിയ വ്യക്തിയാണ് ഇറാൻ കാരനായ സൽമാൻ. സുവിശേഷമറിയിക്കപ്പെട്ട ഒരു പ്രവാചകനെ തേടിയുള്ള സത്യാന്വേഷണ യാത്ര അദ്ദേഹത്തെ അറേബ്യയലെത്തിക്കുകയും അങ്ങനെ നബി(സ)യെ തിരിച്ചറിഞ്ഞ് ഇസ്ലാമിക പ്രവർത്തകനാക്കുകയും ചെയ്തുവെന്നത് ചരിത്ര പ്രസിദ്ധമാണ്.

ഖുർആൻ പറഞ്ഞു: " നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം സന്താനങ്ങളെ അറിയുന്നത് പോലെ അദ്ദേഹത്തെ അറി

യുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാലവർ വിശ്വസിക്കുന്നില്ല. (അൻആം 20)

“തീർച്ചയായും വേദക്കാരിൽ ഒരു വിഭാഗമുണ്ട്. അല്ലാഹുവിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും അവർക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും അവർ വിശ്വസിക്കുന്നു. അല്ലാഹുവിൻെറ വചനങ്ങൾ വിററ് അവർ തുച്ഛമായ വില വാങ്ങുകയില്ല. അവർക്കാകുന്നു തങ്ങളുടെ രക്ഷിതാവിങ്കൽ അവരർഹിക്കുന്ന പ്രതിഫലമുള്ളത്. നിശ്ചയം അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു. (ആലു ഇംറാൻ: 199)

ഈ സത്യം അന്വേഷകരായ വേദപണ്ഡിതരടക്കമുള്ള അനേകം പേർ തിരിച്ചറിയുകയും മുഹമ്മദ് നബി(സ)യുടെ കാലത്തെന്ന പോലെ ഇന്നും സത്യം കണ്ടെത്തി വിശ്വസിക്കുകയും ചെയ്തു കൊണ്ട് ഇസ്ലാമിൻെറ സാക്ഷികളായിക്കൊണ്ടിരിക്കുന്നുണ്ട്.

## മൊഴിമുത്തുകൾ

“ നിങ്ങളിലൊരാൾ സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തൻെറ സഹോദരന് ഇഷ്ടപ്പെടുന്നത് വരെ സത്യ വിശ്വാസിയാവുകയില്ല.”

“ നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ ചെയ്യുക. എങ്കിൽ ആകാശത്തിലുള്ളവൻ നിങ്ങളോടും കരുണ ചെയ്യുന്നതാണ്. ”

“ഒരു അടിമ തൻെറ സഹോദരനെ സഹായിക്കുമ്പോഴൊക്കെയും അല്ലാഹു അവനെയും സഹായിക്കുന്നതാണ്.”

# ശാന്തി ഭവനിലേക്ക്

ജഗന്നിയന്താവ് നൽകിയ കഴിവുകളും ശേഷികളും അവൻ ഉദ്ദേശിച്ചതിതനുസരിച്ച് ഉപയോഗപ്പെടുത്തി സത്യവിശ്വാസത്തിലും സൽകർമ്മത്തിലും അധിഷ്ടിതമായ ഒരു ജീവിതം രൂപപ്പെടുത്തുകയാണ് ജീവിതവിജയം. അതിന് അവശേഷിക്കുന്ന ഏക മാർഗ്ഗം ആധുനിക മനുഷ്യർക്ക് വേണ്ടി ദൈവം അവതരിപ്പിച്ച ഈ അന്തിമ ബോധനം അംഗീകരിക്കുക മാത്രമാണ്. അതാണ് ഇസ്ലാം. സമാധാനം, സമർപ്പണം എന്നാണ് അതിൻെറ അർത്ഥം. ദൈവത്തിന് തൻെറ ജീവിതം സർവ്വാത്മനാ സമർപ്പിക്കുകയും അതിലൂടെ ഐഹികവും പാരത്രികവുമായ ജീവിതത്തിൽ കൈവരുന്ന ശാന്തിയും സമാധാനവുമാണ് അതിൻെറ വിവക്ഷ. ഇസ്ലാമിക വിശ്വാസവും ആരാധനാ– അനുഷ്ഠാനങ്ങളും ശരിയായ വിധം സ്വജീവിതത്തിൽ പുലർത്തുന്ന ഒരു വ്യക്തിക്ക് തൻെറ ജീവിതത്തിൽ ആശ്വാസവും സമാധാനവും കൈവരുന്നതാണ്. മാത്രമല്ല അയാൾ മററുള്ളവർക്കു കൂടി അത് പകർന്നുകൊടുക്കുന്നവനുമായിത്തിരും. മാത്രമല്ല അവൻ എപ്പോഴും സന്തോഷവാനും പ്രസന്ന വദനനുമായിരിക്കും. ഇഷ്ടപ്പെട്ടതും സന്തോഷകരവുമായ കാര്യമുണ്ടായാൽ നന്ദിപൂർവ്വം അത് ഫലപ്രദമായി ഉപയോഗപ്പെടുത്തും. അത് അനുഗ്രഹമായിത്തീരാൻ അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്യും. അവന് വിപത്തോ ദുഖമോ ബാധിച്ചാൽ സാധ്യമായത്ര പ്രതിരോധിച്ചും ലഘൂകരിച്ചും അഭിമുഖീകരിക്കും. അവൻ ക്ഷമിച്ചും സമരസപ്പെട്ടും തൃപ്തിപ്പെട്ടും പ്രതിഫല കാംക്ഷയോടെയും അത് തരണം ചെയ്യും. മരണം ആസന്നമാവുമ്പോൾ അവൻ മുമ്പ് ചെയ്തിരുന്ന സൽകർമ്മങ്ങളുടെ അവശേഷിക്കുന്ന യഥാർത്ഥ പ്രതിഫലം അനുഭവിക്കാനുള്ള ശാശ്വത ഭവന

ത്തിലേക്കും സ്രഷ്ടാവിനെ ദർശിക്കുന്നതിലേക്കുമുള്ള സമയം അടുത്തിരിക്കുന്നുവെന്ന പ്രതീക്ഷയിലായിരിക്കും. മരണാനന്തരം നിത്യ ശാന്തിയുടെയും സമാധാനത്തിൻെറയും ഭവനമായ ശാശ്വത സ്വർഗ്ഗത്തിലുമായിരിക്കും.

അല്ലാഹു പറഞ്ഞു: ഏതൊരു സ്ത്രീയോ പുരുഷനോ സത്യ വിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിൽ ഏററവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം (പരലോകത്ത്) തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും. (വി:ഖു: നഹ്ൽ: 97)

മുഹമ്മദ് നബി (സ) പറഞ്ഞു: സത്യ വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവൻെറ മുഴുവൻ കാര്യങ്ങളും അവന് നന്മയാണ്. അവന് സന്തോഷകരമായത് വന്നാൽ അവൻ നന്ദി ചെയ്യുകയും അങ്ങനെ അത് അവന് നന്മയായിത്തീരുകയും ചെയ്യുന്നു. ഇനി അവനെ ബുദ്ധിമുട്ടുകൾ ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു. തന്മൂലം അതും അവന് നന്മയായിത്തീരുന്നു. ഇത് സത്യ വിശ്വാസികൾക്കല്ലാതെ മറെറാരാൾക്കുമില്ല. ( മുസ്ലിം)

ഈ നിത്യ ശാന്തി നേടാൻ ഖുർആനിൻെറ സൽസരണിയിൽ അണിചേരുകയല്ലാതെ നിർവ്വാഹമില്ല. കാരണം ദൈവം ഇസ്ലാം മാത്രമെ അംഗീകരിക്കുകയുള്ളൂ. ഖുർആൻ പറയുന്നു: തീർച്ചയായും അല്ലാഹുവിൻെറ അടുക്കൽ മതം ഇസ്ലാമാകുന്നു.(3:19) അത് വിശ്വസിച്ച് പ്രഖ്യാപിക്കുന്നവർക്ക് പരലോകത്ത് അല്ലാഹു സ്വർഗ്ഗം നൽകും. അല്ലാത്തവർക്ക് പരാജയവുമായിരിക്കും. ഖുർആൻ പറഞ്ഞു: അല്ലാഹു നിങ്ങളെ ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. (10:25) “ ഇസ്ലാമ

ല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവൻ പരലോകത്ത് നഷ്ടക്കാരിൽ പെട്ടവനായിരിക്കും. (3:85)

" അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹി." (അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി മാററാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി അല്ലാഹുവിൻെറ ദൂതനാണ് എന്നും തീർച്ചയായും ഞാൻ സാക്ഷ്യം വഹിക്കുന്നു). ഈ വചനമാണ് ഇസ്ലാമിലേക്ക് പ്രവേശിക്കുന്നതിനും യഥാർത്ഥ വിജയം നേടുന്നതിനുമുള്ള കവാടം. ഒരാൾ അത് വിശ്വസിച്ചു പ്രഖ്യാപിക്കുകയും അതിൻെറ താൽപര്യമനുസരിച്ച് പ്രവർത്തിക്കുകയും എന്നിട്ട് അതിലായിക്കൊണ്ട് മരിക്കുകയും ചെയ്താൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതും ശാശ്വത വിജയം അയാൾക്ക് ലഭിക്കുന്നതുമാണ്.

## അവസാനം

ഭൗതിക ജിവിത പ്രശ്നങ്ങളിലും വിനോദങ്ങളിലും മുഴുകിയും തെററിദ്ധാരണകളുടെയും മുൻവിധികളുടെയും എട്ടുകാലി വലകളിൽ കുടുങ്ങിയും ഇസ്ലാമിൻെറ ശത്രുക്കളുടെ പ്രചാരണങ്ങളിൽ വഞ്ചിതനായും താങ്കളുടെത് കൂടിയായ ഖുർആനിൻെറ ജ്ഞാന കവാടം കൊട്ടിയടക്കാതിരിക്കുക. ഈ സത്യസന്ദേശം മനസ്സിലാക്കിയാൽ അത് അംഗീകരിക്കാൻ താങ്കൾക്ക് കഴിയണം. അതിന് ജീവൻ വേർപെടുന്നതിന് മുമ്പെ താങ്കൾ ഇസ്ലാം സ്വീകരിക്കണം. ഇതാണ് അവസാനമായി ഉപദേശിക്കാനുള്ളത്. താങ്കളുടെ അടുത്തുള്ള ഇസ്ലാമിക് സെൻററുമായോ അല്ലെങ്കിൽ ഇസ്ലാമിക സൈററുമായോ എത്രയും വേഗം ബന്ധപ്പെടുകയും ഇസ്ലാമിക വിജ്ഞാനം കൂടുതൽ നേടുകയും ചെയ്യുക.

# محتويات الكتاب

المقدمة

أين السعادة

الكون مخلوق

الخالق :     هو الإله الحق

الله ليس إلها للعرب ولا للمسلمين فقط ،     بطلان الشرك

الآخرة :

الأدلة النقلية  والعقلية علي إثباته

غاية الحياة:  الجنة

القرآن :  كتاب إلهي ، لكافة الناس  ،   مميزات القرآن

إعجاز القرآن    ،   الأدلة العلمية

نور من القرآن  ( نصائح من سورة الإسراء   و عباد الرحمان )

الإنسانية في القرآن

محمد ﷺ:   رجل تاريخي  ،  شخصيته ،  أخلاقه ،  حياته وأسوته

عموم رسالته    ،   البشارة عن النبي ﷺ  في الكتب السابقة

باب إلي دار السلام       كلمة الشهادة

الخاتمة :    يا طالب الحق